പ്രഭാതപ്പതിപ്പ്.

Reg. No. T. 174 Licence No. 565 dated 26—2—1948.

വില 2 ചക്രം

വരിസംഖ്യ.

(എപ്പോഴും മുൻകൂർ)

	രൂ.	ണ.	സ.
ഏജൻസിവഴി	1	12	0
തപാലിൽ	2	0	0
അഞ്ചലിൽ	1	14	0
ഒററപ്രതി	2 ചക്രം.		

ദേശബന്ധു

Editor-in-Chief:- K. N. Sankunni Pillai B. A. & B. L.

Vol. 1 | കോട്ടയം 1948 ഏപ്രിൽ 24-ാംനു — 1123 മേടം 12-ാംനു ശനി | പേജ് 4 | No 31

വായിച്ചുവോ?
മിന്നാ—
മിനുങ്ങുകൾ
By ശ്രീ. നാഗവള്ളിൽ
R. S. കുറുപ്പ് I. A. L. T.,
ഉജ്ജ്വലങ്ങളായ 12 ചെറുകഥകളാണ് ഇതിലെ ഉള്ളടക്കം.
വില രൂപാ ഒന്ന്
"ശ്രീവിലാസം" ബുക്കുഡിപ്പോ
A. O. ആലപ്പുഴ P. C.

എ. ഐ. സി. സി. സമ്മേളനം

ബോംബയിലെ വിപുലമായ സജ്ജീകരണങ്ങൾ

അൻപതിനായിരം സന്ദർശകരെ ഉൾക്കൊള്ളത്തക്ക വിശാലമായപന്തൽ— പത്രപ്രതിനിധികൾക്കുംമററും പ്രത്യേക സൗകര്യങ്ങൾ— കോൺഗ്രസ്സിന്റെ ഭരണഘടന, സ്വതന്ത്രഇൻഡ്യയുടെ സാമ്പത്തികപരിപാടി മുതലായവ ആലോചനാവിഷയങ്ങൾ

ബോംബെ ഏപ്രിൽ 23 നാളെ ഇവിടെ വച്ച് ആരംഭിക്കുന്ന അഖിലേന്ത്യാകോൺഗ്രസ്സ്കമ്മററിയോഗം കോൺഗ്രസ്സിന്റെ ഭാവിപരിപാടി സ്വതന്ത്രഇൻഡ്യയുടെ സാമ്പത്തികപരിപാടി എന്നിവ സംബന്ധിച്ച സുപ്രധാനതീരുമാനങ്ങൾ ചെയ്യുന്നതാണ്. പണ്ഡിതജവഹർലാൽ നെഹ്റുവിന്റെ അദ്ധ്യക്ഷതയിലുള്ള ഒരു സബ്കമ്മററി തയാറാക്കിയ സാമ്പത്തികപരിപാടിയുടെ ഏകദേശരൂപം കഴിഞ്ഞ എ. ഐ. സി. സി. സമ്മേളനത്തിൽ അംഗീകരിക്കുകയുണ്ടായി. പരമാവധി ഉൽപാദനവും സമ്പത്തിന്റെ നീതിപൂർവമായ വിതരണവും നിലവിലിരിക്കത്തക്കവിധം വ്യവസായങ്ങളുടെ കേന്ദ്രീകരണവും സാമ്പത്തികഘടനയുടെ വികേന്ദ്രീകരണവും ആണ് ആ റിപ്പോർട്ടിൽ വിഭാവനംചെയ്തിരുന്നത്. കുടിൽവ്യവസായങ്ങൾ ചെറുതരം വ്യവസായങ്ങൾ, സഹകരണാധിഷ്ഠാനത്തിലുള്ള വ്യവസായങ്ങൾ; വൻതരംവ്യവസായങ്ങൾ എന്നിങ്ങനെ നാലിനങ്ങളായി വ്യവസായങ്ങളെപൊതുവെ വിഭജിച്ചിരുന്നു. ഒരു സ്ഥിരമായ പ്ലാനിംഗ്കമ്മീഷൻ ഇവയുടെ വിശദാംശങ്ങൾക്കു രൂപം നൽകുന്നതാണ്.

കോൺഗ്രസ്സിന്റെ ഭാവിഭരണഘടനയെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളിൽ ഫ്രാഞ്ചൈസ് ചട്ടങ്ങൾ, കമ്മററികളിലേക്കുള്ള സ്ഥാനാർത്ഥികളുടെ യോഗ്യതകൾ മുതലായവ ഉൾപ്പെടുന്നു. പഞ്ചായത്തുകളായിരിക്കും ഭരണഘടനയുടെ അടിസ്ഥാനഘടന. ആദ്യത്തെ നക്കലിൽ ചില ഭേദഗതികൾ ഭരണഘടനാസബ്കമ്മററി ശുപാർശ്ചെയ്തിട്ടുണ്ട്. നാളെ കോൺഗ്രസ്സ്കമ്മററി സമ്മേളിക്കുന്നതിനു മുൻപ് ഭരണഘടനാസബ്കമ്മററിയുടെയും കോൺഗ്രസ്സ് പ്രവർത്തകസമിതിയുടെയും പ്രത്യേക യോഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

എ. ഐ. സി. സി. സമ്മേളനസ്ഥലമായഗാന്ധിനഗറിന്റെ പണിപൂർത്തിയാക്കുവാൻ ആയിരത്തിൽപ്പരം ജോലിക്കാർ ദ്രുതഗതിയിൽ ജോലിചെയ്തുവരുന്നു. അൻപതിനായിരം സന്ദർശകരെ ഉൾക്കൊള്ളത്തക്കവിധമാണ് പന്തൽ നിർമ്മിച്ചിരിക്കുന്നത്. എ. ഐ. സി. സി. യിലെ 375 അംഗങ്ങളിൽ 250 പേരെങ്കിലും സന്നിഹിതരായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ആയിരം പത്ര പ്രതിനിധികൾക്കും ഫോട്ടോഗ്രാഫർമാർക്കും ഉള്ള സൗകര്യങ്ങളും ഏർപ്പാടു ചെയ്തിട്ടുണ്ട്.

(എ. പി.)

രാജധാനി

(സ്വന്തംപ്രതിനിധി)

മേടം 11

ജനറൽആശുപത്രി ഡോക്ടർ കേശവൻനായർ അടുത്ത തിങ്കളാഴ്ച ഇവിടെനിന്നും മൈസൂറിലേക്കു പോകുന്നതാണ്. ഇവിടെ ഒരു മെഡിക്കൽകോളേജു സ്ഥാപിക്കുന്നതു സംബന്ധിച്ച് ഇൻഡ്യയിലെ വിവിധമെഡിക്കൽകോളേജുകൾ സന്ദർശിച്ച പരിശീലനം സമ്പാദിക്കുകയെന്നുള്ളതാണ അദ്ദേഹത്തിന്റെ യാത്രോദ്ദേശം. മദ്രാസ് ബോംബെ, ഗ്വാളിയർ, വിശാഖപട്ടണം, എന്നീ സ്ഥലങ്ങളിലെ മെഡിക്കൽകോളേജുകൾ സന്ദർശിച്ച ശേഷം രണ്ടാഴ്ച കഴിഞ്ഞുതിരിച്ചെത്തുന്നതാണ്.

അവധി അനുവദിച്ചു.

കുഴിത്തുറ മുനിസിപ്പൽ കമ്മീഷണർ മി. എൻ. പി. സുബ്രഹ്മണ്യയ്യർക്കു ഉപയോഗിക്കുന്ന തീയതി മുതൽ ഒരു മാസത്തെ അവധി അനുവദിച്ചിരിക്കുന്നു.

എഡ്യൂക്കേഷൻ ഡയറക്ടർ

ഡൽഹിയിൽവച്ചു നടക്കുന്ന സെക്കണ്ടറി എഡ്യൂക്കേഷൻ കോൺഫ്രൻസിൽ സംബന്ധിക്കുന്നതിനു എഡ്യൂക്കേഷൻഡയറക്ടർ മി. ഏ എൻ തമ്പി, നാളെ രാവിലെ ഇവിടെനിന്നും ഡൽഹിക്കു പോകുന്നതാണ്.

ഡിവിഷനൽ ട്രഷറി ആഫീസർ മി. കെ ജി ഏബ്രഹാമിനു മുൻഅവധിയെത്തുടർന്ന 15 ദിവസത്തെ അവധികൂടി അനുവദിച്ചിരിക്കുന്നു. ഡിവിഷനൽ ട്രഷറിആഫീസന്മാരുടെ കേഡറിൽ മററു ജോലിയിൽ ഇരിക്കുന്ന ഗവണ്മെൻറുസ്റ്റാമ്പ് ഫാക്ടറിയുടെയും, കമ്മട്ടത്തിന്റെയും ആക്ടിംഗ് മി. ഡബ്ളിയു ജെ വറുഗീസ് തൽസ്ഥാനത്തു തുടരുന്നതിനും, കൊല്ലം ആക്ടിംഗ് ഡിവിഷനൽ ട്രഷറിആഫീസർ മി. നാരായണൻനമ്പൂതിരി അതേജോലിയിൽ തുടരുവാനും ഗവണ്മെൻറു അനുവദിച്ചിരിക്കുന്നു.

പ്രതിനിധിസഭാപ്രസിഡണ്ടു ശ്രീ. ഏ. ജെ. ജോൺ നാളെ രാവിലെ ഇവിടെനിന്നും തത്തംപള്ളിയിലേക്കു പോകുന്നതാണ്. അവിടെ വച്ചു നടത്തുന്ന കത്തോലിക്കാകോൺഫ്രൻസിന്റെ ഉൽഘാടനം പ്രമാണിച്ചാണ് ഈ യാത്രയെന്നറിയുന്നു.

സെൻട്രൽ സർവേസ്കൂളിലേക്കുള്ള പ്രവേശനപരീക്ഷ ഈ മാസം 31-ാംനു വ്യാഴാഴ്ച രാവിലെ 9 മണിക്കു സർവേസ്കൂളിൽവച്ചു നടത്തുന്നതാണ്.

സോൾജിയേഴ്സ് ബോർഡിന്റെ ഒരു യോഗം അടുത്ത ഞായറാഴ്ച വൈകുന്നേരം 6 മണിക്കു സബ്റീജിയണൽ എക്സ് ചേഞ്ചുആഫീസിൽ വച്ചു ബഹു: മന്ത്രി ശ്രീ സി കേശവന്റെ അദ്ധ്യക്ഷതയിൽ കൂടുന്നതാണ്.

ഇക്കഴിഞ്ഞ ദിവസം കൂടിയ ടെക്സ്റ്റയിൽ അഡൈ്വസറികമ്മററിയിൽ, കമ്മററി പിരിച്ചുവിടുന്നതിനു തീരുമാനിക്കുകയും അതിനു ഗവ: നോടു അനുവാദം ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നു.

ഡാ: കെ രാമൻതമ്പിയുടെ ഒരു എണ്ണഛായാപടം ബഹു: മന്ത്രി ശ്രീ സി കേശവൻ നാളെ ജനറലാശുപത്രിയിൽ അനാഛാദനം ചെയ്യുന്നതാണ്.

ഈ എസ് എൽ സി പരീക്ഷ സംബന്ധിച്ച ടാബുലേഷൻ ജോലികൾ ആരംഭിച്ചിരിക്കുന്നു. ഈ മാസം ഒടുവിൽതന്നെ പരീക്ഷാഫലം പ്രഖ്യാപിക്കുമെന്നാണ് അറിയുന്നത്.

ബഹു: പ്രധാനമന്ത്രി ശ്രീ പട്ടംതാണുപിള്ളയും, ബഹു: മന്ത്രി ശ്രീ ററി എം വറുഗീസും ആലുവായിൽനിന്നു മടങ്ങിയെത്തിയിരിക്കുന്നു. ബഹു: മന്ത്രി ശ്രീ സി കേശവൻ ആലുവായിൽനിന്നു തൊടുപുഴക്കു പോയിരിക്കുന്നു. അദ്ദേഹം നാളെ മടങ്ങിയെത്തുന്നതാണ്. ശ്രീ ററി എം. നാളെ നാട്ടുരാജ്യപ്രജാസമ്മേളനത്തിൽ സംബന്ധിക്കുന്നതിനായി ഡൽഹിക്കു പോകുന്നതാണ്.

—o—

ഉപ്പു നിർമ്മാണം

ചെറുതോതിൽ ഉപ്പുണ്ടാക്കുന്നതിലുള്ള നിയന്ത്രണങ്ങൾ നീക്കി

ഉപ്പിന്റെകാര്യത്തിൽ ചുരുങ്ങിയകാലംകൊണ്ടു് സ്വയംപര്യാപ്തത നേടാനുള്ള ശ്രമം

ന്യൂഡൽഹി ഏ: 23

ചെറിയ തോതിൽ ഉപ്പുണ്ടാക്കുന്നതു സംബന്ധിച്ച നിലവിലിരുന്ന നിയന്ത്രണങ്ങൾ ഇന്ത്യാഗവണ്മെൻറു നീക്കിയിരിക്കുന്നു. ഇതു സംബന്ധിച്ച പുറപ്പെടുവിച്ചിട്ടുള്ള ഒരു പ്രസ്സ്നോട്ടിൽപറയുന്നതു് ചെറിയ തോതിൽ ഉപ്പുണ്ടാക്കുന്നതിനു മേലാൽ ലൈസൻസ്സ് ആവശ്യമില്ലെന്നാണ്. പത്തേക്കറിൽ കവിയാത്ത സ്ഥലത്തു ഉപ്പുനിർമ്മാണത്തിൽ ഏർപ്പെടുന്നവരെ ചെറുതരം ഉപ്പുനിർമ്മാതാക്കളായി കണക്കാക്കുന്നതാണ്. ശുദ്ധമല്ലാത്തഉപ്പു വില്ക്കുന്നതിനെ തടയുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളാൻ ഗവണ്മെൻറിനു അവകാശമുണ്ടായിരിക്കും. ഉപ്പിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത നേടത്തക്കവിധം ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നതാണ ഗഗണ്മെൻറിന്റെ ഉദ്ദേശം. വൻതരം ഉപ്പുവ്യവസായികളോടുള്ള ഗവണ്മെൻറിന്റെ നയം പിന്നീടു പ്രഖ്യാപിക്കുന്നതാണ്.

(എ പി)

അഖിലകേരള കത്തോലിക്കാ കാൺഗ്രസ്സ്

തത്തംപള്ളിയിലുള്ള സെൻറ് മൈക്കിൾ നഗറിൽ സമാരംഭിച്ചു

മാർ സേവേറിയോസ് തിരുമേനി പതാക ഉയർത്തി

ആലപ്പുഴ, മേടം. 11

അഖിലകേരള കത്തോലിക്ക് കാൺഗ്രസ്സിന്റെ 23-ാമതു വാർഷിക സമ്മേളനവും, തത്തമ്പള്ളി സി. വൈ. എം. ഏ. യുടെ രജതജൂബിലിമഹവും തത്തമ്പള്ളി പള്ളിമൈതാനത്തു കമനീയമായി തയ്യാർ ചെയ്തിരുന്ന സെൻറ്മൈക്കിൾസ് നഗറിൽ വച്ചു തിരുവല്ലാരൂപതയുടെ അഡ്മിനിസ്റ്റ്രേറർ റൈററ് റവ: മാർ സേവറിയോസ് ഡി. സി. തിരുമനസ്സുകൊണ്ടു് ഇന്നുരാവിലെ നിർവഹിച്ച പതാകാരോഹണച്ചടങ്ങോടെ സമാരംഭിച്ചു. കത്തോലിക്കർക്കു് വളരെ പ്രാബല്യമുള്ള ഒരു സ്ഥലമായ തത്തമ്പള്ളിൽ, അതിനു അനുയോജ്യമാംവിധം സമ്മേളനസംബന്ധമായ എല്ലാസജ്ജീകരണങ്ങളും ചെയ്തിരുന്നു. സമ്മേളനസ്ഥലമായി നിശ്ചയിച്ചിരുന്ന "സെൻറ് മൈക്കിൾസ് നഗറി"ൽ പതിനായിരത്തിൽ കുറയാത്ത ജനങ്ങൾക്കു സുഖമായി ഇരിക്കുവാൻ കഴിയുമാറിരുന്നു. രണ്ടുനിലയിൽ ചെയ്തിരുന്ന ഈ നഗറിൽ 200 പേർക്കു ഇരിക്കാവുന്ന അദ്ധ്യക്ഷപീഠം പ്രത്യേകം തയ്യാറാക്കി കമനീയമായി അലങ്കരിച്ചിരുന്നു. സന്ദർശകർക്കുംപ്രതിനിധികൾക്കും സുഖമായും സൗകര്യമായുംജീവിക്കുന്നതിനുള്ള എല്ലാസൗകര്യങ്ങളും ഭാരവാഹികൾ ചെയ്തിരുന്നു.

സമ്മേളനോൽഘാടകനായി നിശ്ചയിച്ചിരുന്ന മാർ സേവറിയോസ് തിരുമേനി ഇന്നലെ വൈകുന്നേരം തന്നെ ഇവിടെ എത്തിച്ചേർന്നിരുന്നു. വളരെ ഗംഭീരമായ ഒരു സ്വീകരണമാണ് അവിടുത്തേക്കു നൽകപ്പെട്ടതു്. ഇന്നുരാവിലെ തിരുമേനി പതാക ഉയർത്തൽകർമ്മം നിർവ്വഹിച്ചു. അദ്ദേഹം ചെയ്ത പ്രസംഗത്തിൽ ഭാരതഭൂമിക്കും കേരളക്കരയ്ക്കും ഒരു ശല്യമായി തീർന്നിരിക്കുന്ന കമ്മ്യൂണിസത്തെപ്പററി പ്രസ്താവിക്കുകയും ആ വിപത്തിനെ നേരിടുവാൻ അഖിലകേരള കത്തോലിക്കാ കാൺഗ്രസ്സിനുള്ള പ്രത്യേകമായ കടമയെ ഊന്നിപ്പറയുകയും ചെയ്തു. ക്യാപ്ററൻ പി. ററി. ചാക്കോയുടെ നേതൃത്വത്തിലുള്ള വാളൻറിയർസംഘം പതാകാവന്ദനം നടത്തി. ബാലികമാർ "ഇന്ത്യഉയരട്ടെ" എന്നർത്ഥം വരുന്ന ഗാനം ആലപിച്ചു.

രക്ഷാസമിതിയിലെ ഇന്ത്യൻ പ്രതിനിധികൾ

ന്യൂയോർക്കു ഏ: 23

രക്ഷാസമിതിയിലെ ഇന്ത്യൻ പ്രതിനിധി സംഘത്തിന്റെ നേതാവായ മി. എൻ ഗോപാലസ്വാമി അയ്യങ്കാർ ഇന്ന് ഇന്ത്യയിലേക്കുള്ള യാത്രയിൽ ലണ്ടനിലേക്കു വിമാനമാർഗ്ഗം പോകുന്നതാണ്. അദ്ദേഹം ഏതാനുംദിവസം ബ്രിട്ടനിൽ താമസിക്കുന്നതാണ്. ഡെലിഗേഷനിലെ ഒരംഗമായ മി. ഗിരിജാശങ്കർ ബാജ്പൈയും ഇന്നു പുറപ്പെടുന്നു. രക്ഷാസമിതിമുമ്പാകെ ശേഷിക്കുന്ന ഇന്ത്യാ—പാകിസ്ഥാൻ തർക്കവിഷയങ്ങൾ സംബന്ധിച്ച മി. എം കെ വെള്ളോടി ഏതാനും ദിവസംകൂടി ഇവിടെ താമസിക്കാനിടയുണ്ടു്. (റോയിട്ടർ)

ഗവണ്മെൻറിനോടു സഹകരിക്കാൻ

ഹൈദ്രബാദിലെ രാഷ്ട്രീയകക്ഷികളോടു നൈസാമിന്റെഅഭ്യർത്ഥന

(അസോഷ്യേറഡ്പ്രസ്സ്)

ഹൈദ്രാബാദ് ഏ. 23

ഇന്നത്തെ ഗവമ്മെൻറിൽ പ്രാതിനിധ്യം ഇല്ലാത്ത എല്ലാ രാഷ്ട്രീയ കക്ഷികളോടും ഗവമ്മെൻറിൽ ചേരുവാൻ അഭ്യർത്ഥിച്ചുകൊണ്ടു് ഹൈദ്രാബാദ് നൈസാം ഇന്ന് ഒരു ഫർമാൻ പുറപ്പെടുവിച്ചിരിക്കുന്നു. പ്രജകളെയെല്ലാം ഒരുപോലെ ഭരണകാര്യത്തിൽ സഹകരിപ്പിക്കുകഎന്നതു് തന്റെ വംശത്തിന്റെ ഒരു പ്രത്യേകസ്വഭാവമായിരുന്നിട്ടുണ്ടെന്നും അതു മേലിലും അപ്രകാരം ആയിരിക്കണമെന്നാഗ്രഹിക്കുന്നു എന്നും നൈസാം പറയുന്നു. രാജ്യത്തെ വർഗീയനിലയെ പരാമർശിച്ച് ഫർമനിൽ പറഞ്ഞിരിക്കുന്നതു് ഇക്കാര്യത്തെ സംബന്ധിച്ച പ്രത്യേക ശ്രദ്ധ പതിപ്പിക്കുവാൻ നൈസാം തന്റെ പ്രധാന മന്ത്രിയോടാവശ്യപ്പെട്ടിട്ടുണ്ടെന്നാണ്. ഇൻഡ്യാഗവമ്മെൻറുമായി സൗഹാർദ്ദബന്ധം പാലിക്കുവാനാണ് നൈസാം ഗവമ്മെൻറു് ആഗ്രഹിക്കുന്നതെന്നും എന്നാൽ സ്റ്റേററിന്റെ അന്തസ്സിനെയും നിലയെയും അതു ബാധിക്കാൻ പാടില്ലെന്നും ഫർമനിൽ പറഞ്ഞിരിക്കുന്നു.

ഇൻഡോ-ബർമ്മാ സംഭാഷണങ്ങൾ

ന്യൂഡൽഹി, ഏ 23

ഇന്നലെ ഇവിടെവച്ചാരംഭിച്ച ഇൻഡൊ ബമ്മാ സംഭാഷണങ്ങൾ ഇന്നും തുടരുകയുണ്ടായി. ഇൻഡ്യാക്കാർ ബമ്മായിൽ പ്രവേശിക്കുന്ന കാര്യമാണ് സംഭാഷണവിഷയം.

(എ. പി.)

ഇൻഡ്യൻ കാൺസ്സാംബ്ളി

ഇൻഡ്യൻ ഭരണഘടനയെപ്പററിയാലോചിക്കുവാനായി വിളിച്ചുകൂട്ടുന്ന കോൺസാംബ്ളിയോഗം ജൂലൈ 14-ാംതീയതിക്കുശേഷം മാത്രമേ നടത്തുകയുള്ളു എന്നറിയുന്നു. (യു. പി.)

തിരുവിതാംകൂറിനു് 4500 ടൺ അരി

എറണാകുളം, ഏ 23

7604 ടൺ പാകിസ്ഥാൻ അരിയുമായി എസ്. എസ്. ഫിറോസ എന്ന കപ്പൽ കറാച്ചിയിൽനിന്ന് കൊച്ചി തുറമുഖത്തെത്തിയിരിക്കുന്നു. ഇതിൽ 4500 ടൺ തിരുവിതാംകൂറിനും ബാക്കികൊച്ചിക്കുമാണെന്നറിയുന്നു. യു. പി

കൊച്ചിയിൽ സ്റ്റേററ് ലൈഫ് ഇൻഷ്വറൻസ്

എറണാകുളം, ഏ 23

സ്റ്റേററു് ലൈഫ് ഇൻഷ്വറൻസിന്റെ ചട്ടങ്ങൾ കൊച്ചി ഗവമ്മെൻറു് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. സ്റ്റേററുലൈഫ് ഇൻഷ്വറൻസിന്റെ ഭരണം അക്കൌണ്ടൻറു് ജനറൽ നിർവഹിക്കുന്നതായിരിക്കും. ഈ ചട്ടങ്ങളനുസരിച്ച് ഇൻഷ്വർ ചെയ്തിട്ടുള്ള തുക നൽകപ്പെടുന്നതാണെന്ന് ഗവർമ്മെൻറു് ഉറപ്പുനൽകുന്നുണ്ടു്.

(യു. പി.)

രാജാജി ജൂണിൽ ചാർജെടുക്കും

അദ്ദേഹം ഗവർമെൻറുമന്ദിരത്തിൽതാമസിക്കുന്നതാണ്

ന്യൂഡൽഹി ഏപ്രിൽ 22

ശ്രീ.സി.രാജഗോപാലാചാരി ജൂൺമാസം 22-ാംതീയതി ഗവർണ്ണർ ജനറലായി ചാർജെടുക്കുമെന്നറിയുന്നു. ഇന്നത്തെ ഗവർമെൻറു മന്ദിരമായിരിക്കും അദ്ദേഹത്തിന്റെ ആസ്ഥാനം. മൗണ്ടുബാററൻപ്രഭുവിന്റെ പിൻഗാമി, ഇപ്പോൾകമാൻറർ ഇൻ ചീഫിന്റെ വസതിയായി ഉപയോഗിക്കുന്ന കെട്ടിടത്തിലായിരിക്കും താമസിക്കുന്നതെന്ന ഒരു സംസാരം നേരത്തെ കേട്ടിരുന്നു. പ്രധാനമന്ത്രിയും സെക്രട്ടറിയേററും ഗവർമെൻറു മന്ദിരത്തിലേക്കുമാററുന്നതാണെന്നും കേട്ടിരുന്നു. എന്നാൽ സർവ്വസൈന്യാധിപന്റെ വാസസ്ഥലം പ്രധാനമന്ത്രി ഉപയോഗിക്കുന്നതിനാണ് ഇടയുള്ളതെന്നാണ് ഇപ്പോഴത്തെ പ്രസ്താവം.

ഹൈദ്രബാദ്, ഏ 23

പന്നലാൽ പിററി രാജാവ് ഗാന്ധി സ്മാരകനിധിയിലേക്ക് ഇരുപത്തയ്യായിരം രൂപാ സംഭാവന ചെയ്തിരിക്കുന്നു.

സിലോണിലെ ഇൻഡ്യാക്കാർ

സിലോൺഗവമ്മെൻറിന്റെ നിർദ്ദേശങ്ങൾ ഇൻഡ്യാ ഗവർമ്മെൻറിന്റെ പര്യാലോചനയിൽ

ന്യൂഡെൽഹി, എ. 23

സിലോണിലെ ഇന്ത്യാക്കാരുടെ പൗരത്വാവകാശങ്ങൾ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ഇൻഡ്യാഗവർമെൻറിന്റെ പര്യാലോചനയിലിരിക്കുന്നു. സിലോൺ പ്രധാനമന്ത്രി മി. ഡി. എസ്. സേനാനായക് അയച്ചിട്ടുള്ളതാണ് ഈ നിർദ്ദേശങ്ങൾ സിലോണിൽ ഇൻഡ്യയുടെ ഹൈക്കമ്മീഷണറായ മി. വി. വി. ഗിരി പണ്ഡിത ജവഹർലാൽ നെഹ്റുവിനെയും വിദേശകാര്യവകുപ്പിലെ ഉദ്യോഗസ്ഥന്മാരെയും സന്ദർശിച്ച് ചർച്ചകൾ നടത്തിവരുന്നു. മി. ഗിരി ഞായറാഴ്ച സിലോണിലേക്കു പോകുന്നതാണ്. മേയ്അവസാനത്തോടുകൂടി ആലോചനകൾ അവസാനിക്കുമെന്നു വിശ്വസിക്കപ്പെടുന്നു.

ഇതേ അവസരത്തിൽ ബർമ്മയിലെ ഇൻഡ്യാക്കാരുടെ നിലയെപ്പററിയുള്ള ഇൻഡൊ—ബർമ്മാ സംഭാഷണങ്ങളും തുടർന്നു വരുന്നു. ഇപ്പോൾ ബമ്മയിൽ നിലവിലുള്ള പ്രവേശന നിയമങ്ങൾ സംബന്ധിച്ച് ഇൻഡ്യയുടെ നില ബർമ്മീസ് ഡെലിഗേഷനെ ധരിപ്പിച്ചു കഴിഞ്ഞു. യോജിച്ചുള്ള തീരുമാനത്തിനു നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ബർമ്മീസ് ഡെലിഗേഷൻ ശനിയാഴ്ച ബർമ്മയിലേക്കു പോകുന്നതാണ്.

(ഏ. പി.)

പ്രോവിഡൻറ് ഫണ്ട്

കൽക്കരിഖനികളിലെ ജോലിക്കാർക്ക്

ന്യൂഡൽഹി ഏപ്രിൽ 23

കൽക്കരി ഖനികളിലെ ജോലിക്കാർക്ക് നഷ്ടപരിഹാരം നൽകുന്നതിനും പ്രോവിഡൻറു് ഫണ്ടു് ഏർപ്പെടുത്തുന്നതിനും ഉള്ള ഒരു പദ്ധതി തയാറാക്കുവാൻ കേന്ദ്ര ഗവർമെൻറിനെ അധികാരപ്പെടുത്തിക്കൊണ്ടു് ഒരു പുതിയ ഉത്തരവ് ഇന്നു പാസ്സാക്കപ്പെട്ടിരിക്കുന്നു.

(ഏ. പി.)

ഡാ. മുക്കർജി മദ്രാസ്സിൽ

മദ്രാസ്സ് ഏപ്രിൽ 23

ഇൻഡസ്ട്രീസ് ആൻഡ് സപ്ലൈസ് മന്ത്രി ഡാ. ശ്യാമപ്രസാദ് മുക്കർജി ഇന്നിവിടെയെത്തിയിരിക്കുന്നു. ഗിണ്ടിയിലെ സെൻട്രൽലെതർറിസർച്ച് ഇൻസ്റ്റിററ്യൂട്ടിന്റെ ശിലാസ്ഥാപനകർമ്മം അദ്ദേഹം നിർവഹിക്കുന്നതാണ്. (ഏ. പി.)

1123 മേടം 12-ാം൹ ശനി

ദേശബന്ധു

റേഷൻവിതരണം

നിർഭാഗ്യവശാൽ അത്യന്താഴിമതികൾക്കും, പരാതികൾക്കും, ഉൾനാട്ടുകളിലുള്ള സാധുജനങ്ങൾക്കു വിശേഷിച്ചും വലിയ കഷ്ടനഷ്ടങ്ങൾക്കും കാരണമായിട്ടുള്ള ഭക്ഷ്യസാധനനിയന്ത്രണം നിറുത്തലാക്കുന്നതിനോ, കുറെയൊക്കെയെങ്കിലും ലഘൂകരിക്കുവാനോ പെട്ടെന്നു സാധ്യമല്ലെന്നുണ്ടെങ്കിൽ, നിയന്ത്രണത്തിന്റെയും റേഷന്റെയും നടത്തിപ്പിലുള്ള വൈകല്യങ്ങളും പോരായ്മകളും മൂലമുണ്ടാകുന്ന വൈഷമ്യങ്ങൾ പരിഹരിക്കുവാനെങ്കിലും ഗവർമ്മെൻറു ഉടനടി സന്നദ്ധമാകേണ്ടതാണ്. ഭക്ഷ്യനിയന്ത്രണവും റേഷൻനിർവഹണവും മൂലം, അഥവാ അവയിൽ നിന്നു, ഉണ്ടാകുന്ന പ്രയാസങ്ങൾ ഏററവും രൂക്ഷമായ രൂപത്തിൽ അനുഭവിക്കാനിടയാകുന്നതു്, അധികൃതരുടെ ദൃഷ്ടി അത്രകണ്ടു ശക്തിയായി പതിയാനിടയില്ലാത്തതും, പൊതുജനാഭിപ്രായം സംഘടിതരൂപത്തിൽ പ്രവർത്തിക്കുന്നില്ലാത്തതുമായ ഗ്രാമവാസികളാണെന്ന പരമാർത്ഥമോർക്കുമ്പോൾ, ഗവർമ്മെൻറിനും, ഭക്ഷ്യനിയന്ത്രണവകുപ്പിനു പ്രത്യേകിച്ചും ഇക്കാര്യത്തിലുള്ള വമ്പിച്ച ചുമതല വിശദമാകുന്നതാണ്.

ഓരോ താലൂക്കിലേക്കും, അല്ലെങ്കിൽ പകുതികളിലേക്കു തന്നെയും ഓരോ ആഴ്ചയിലും യൂണിററൊന്നിനു ഇന്നിന്നസാധനങ്ങൾ ഇത്ര അളവിലാണു അനുവദിച്ചിരിക്കുന്നതെന്നു താലൂക്കു് കച്ചേരികളിൽ നിന്നു നോട്ടീസുകൾ മൂലമോ, മുരശടിച്ചോ വിളംബരം ചെയ്യുകയും, ഇതനുസരിച്ചുള്ള സാധനം വാങ്ങാൻചെല്ലുന്നവരോടു യൂണിററു തികച്ചു കൊടുക്കാനില്ലെന്നോ, അല്ലെങ്കിൽ സാധനങ്ങൾ ഡിപ്പോകളിൽ നിന്നു കിട്ടിയില്ലെന്നോ, കച്ചവടക്കാർ പറയാനിടയാകാതെ കർശനമായി ചട്ടംകെട്ടുകയുമാണു ഒന്നാമത്തെ ആവശ്യം. ഏതെങ്കിലും ഒരാഴ്ചയിൽ രണ്ടോ മൂന്നോ താലൂക്കുകളിൽ, മുഴുവൻ യൂണിററുമനുസരിച്ചുള്ള വിതരണവും, ചില താലൂക്കുകളിൽ മുക്കാൽ, പകുതി എന്നീയൂണിററു ക്രമത്തിനുള്ള വിതരണവും നടത്തിക്കൊണ്ടിരുന്ന പതിവു ഇതിനകം നിറുത്തീട്ടില്ലെങ്കിൽ, ഉടനടി നിറുത്തുമെന്ന പ്രതീക്ഷയിൽ ഞങ്ങൾ ആവശ്യപ്പെടുന്നതു ഓരോ തവണയും പ്രഖ്യാപിക്കപ്പെടുന്നത്ര യൂണിററുകൾ അരിയോ, നെല്ലോ, മററു സാധനങ്ങളോ സകല കാർഡുടമസ്ഥന്മാർക്കും ലഭിക്കുന്നതിനു ഒരിടത്തും യാതൊരു വൈഷമ്യവും ഉണ്ടായിക്കൂടാ എന്നതാണ്. അരിസ്റ്റോക്കില്ലാത്ത ഡിപ്പോകളിലേക്കു മൊത്തവ്യാപാരികളെ നിയോഗിക്കുന്നതു മൂലമോ, അല്ലെങ്കിൽ അവരുടെയോ ചില്ലറവ്യാപാരികളുടെയോ അനാസ്ഥ ഹേതുവായോ യഥാകാലം വിതരണം നടക്കാതിരിക്കുവാനും മേലാൽ അനുവദിച്ചുകൂടാത്തതാണ്. ഒരു മാതിരി "കേൾപ്പോരും കേൾവിയുമില്ലാത്ത" മട്ടിൽ നടക്കുന്ന ഉൾനാട്ടുകളിലെ റേഷൻ വിതരണത്തെപ്പററി സാധുജനങ്ങൾക്കുള്ള വലിയൊരു പരാതി, ഇടങ്ങഴിയെന്നുപറഞ്ഞു നിഷ്കണ്ടകനായ വ്യാപാരി അളന്നു കൊടുക്കുന്ന അരി പലപ്പോഴും കഷ്ടിച്ചുമാത്രമെ മുന്നാഴിതന്നെയും കാണുന്നുള്ളു എന്നതാണ്. വില്ക്കുന്ന കച്ചവടക്കാരനു കുറച്ചൊരു സന്മാർഗ്ഗബോധവും, വാങ്ങുന്ന സാധുവിനു തന്റെ അവകാശത്തിൻവേണ്ടി ശക്തിയായി നിലകൊള്ളുവാൻ കുറച്ചൊരു കരുത്തും ഉണ്ടെങ്കിലേ ഈ പരാതി സാരമായി പരിഹരിക്കുവാനൊക്കുകയുള്ളെങ്കിലും, അളവും തൂക്കവും പരിശോധിക്കുവാനധികാരപ്പെട്ട ഉദ്യോഗസ്ഥന്മാരും, കൺട്രോൾ വകുപ്പിൽപെട്ടവരായി നാടൊട്ടുക്കു ചിന്നിച്ചിതറിക്കിടക്കുന്ന അനവധി ജീവനക്കാരും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധപതിപ്പിച്ചാൽ കുഴപ്പങ്ങൾ കുറെയേറെയൊക്കെ പരിഹരിക്കാവുന്നതാണ്.

അതുപോലെതന്നെ, അരി, പൊടിയരി, അരിയും പൊടിയരിയും കലർന്നതു്, ഇവയുടെ കൂടെ മണ്ണും കല്ലും മററുചില സാധനങ്ങളും ചേർന്നതു്, അതുംപോരാഞ്ഞിട്ടു് ഇവയെല്ലാം വേവിച്ചുചേർന്നിട്ടുള്ളതു് എന്നിങ്ങനെ പലതരത്തിലും, നിറത്തിലും, പരുവത്തിലുമുള്ള അരിയും മററുസാധനങ്ങളും സാധുജനങ്ങൾ റേഷനായി വാങ്ങുവാനിടയാകുന്ന ഉൾനാട്ടുകൾ ഇപ്പോഴും ഇവിടെ ധാരാളമാണ്. ഈ ദുരവസ്ഥയ്ക്കു സമാധാനമായി കച്ചവടക്കാർ പറയുന്നന്യായം, ഡിപ്പോകളിൽനിന്നു തങ്ങൾക്കു കിട്ടുന്ന സാധനമേ വിതരണം ചെയ്യുവാനൊക്കുകയൊള്ളു എന്നാണ്. ഇനിയും ഡിപ്പോകളിൽ ജീർണ്ണിച്ചു നിരുപയോഗമായ സാധനങ്ങൾ അവശേഷിക്കുന്നുണ്ടോ എന്നും, ഉണ്ടെങ്കിൽ അവ ഇങ്ങനെ വിതരണം ചെയ്യപ്പെടുന്നുണ്ടോ എന്നും അന്വേഷിക്കേണ്ടതാണ്. ഏതായാലും, ഭക്ഷ്യയോഗ്യമല്ലാത്ത ധാന്യങ്ങൾ സാധുജനങ്ങളുടെമേൽ കെട്ടിയേല്പിക്കുവാൻ മേലാലെങ്കിലും ഇടയാകാതെ സൂക്ഷിക്കേണ്ടതാണ്.

മേല്പറഞ്ഞപ്രകാരം, വിതരണത്തിന്റെ അളവും തോതും എല്ലാ പകുതികളിലും എല്ലാ ആഴ്ചകളിലും ഒരുപോലെയാക്കുകയും, ആ സാധനങ്ങൾ അളവിലും തൂക്കത്തിലും അന്യായമായി കുറവുചെയ്യപ്പെടാതെയും, ഉപയോഗയോഗ്യം മാത്രമായ രൂപത്തിലും യഥാകാലം വിതരണംനടത്തുവാൻ കർശനമായ ഏർപ്പാടുചെയ്യുകയും ചെയ്യുന്നപക്ഷം, നിയന്ത്രണവും റേഷനേർപ്പാടുംമൂലം സാധുജനങ്ങളിന്നനുഭവിക്കുന്ന ഏതാനും കഷ്ടതകൾക്കെങ്കിലും പരിഹാരമായെന്നു സമാധാനിക്കാവുന്നതാണ്. സിവിൽസപ്ലൈസ് ഡിപ്പാർട്ടുമെൻറിൽപെട്ട ജീവനക്കാർ ഇക്കാര്യത്തിൽ ഏററവും നിഷ്കർഷയായിത്തന്നെ മേലാലെങ്കിലും പെരുമാറുകയും, കച്ചവടക്കാരുൾപ്പെടെ ഈ വിഷയത്തിൽ അശ്രദ്ധയോ അഴിമതിയോ കാണിക്കുന്നവരെ മാതൃകായോഗ്യമായി ശിക്ഷിക്കുന്നതിനു ഗവർമ്മെൻറു അശേഷം കൂസാതിരിക്കുകയും ചെയ്താൽ, ഒട്ടേറെ സാധുജനങ്ങളുടെ കൃതജ്ഞതയ്ക്കു ഗവർമ്മെൻറു പാത്രമാകുന്നതാണ്.

ഊട്ടിഎഴുന്നള്ളത്തു്

എറണാകുളത്തുനിന്നു
വിമാനത്തിൽ
(സ്വന്തം ലേഖകൻ)

എറണാകുളം മേടം 11

തിരുവിതാംകൂർ മഹാരാജാവുതിരുമനസ്സുകൊണ്ടു് അമ്മമഹാറാണിയോടൊന്നിച്ചു് ഇന്നു പ്രഭാതത്തിൽ ആലുവായിൽനിന്നു ഇതുവഴിവില്ലിംഗ്ടൻവിമാനത്താവളത്തിൽ കാർമാർഗ്ഗംവന്നു വിമാനത്തിൽ ഊട്ടിയിലേക്കു എഴുന്നള്ളിയിരിക്കുന്നു.

തിരുമേനിമാരുടെ എഴുന്നള്ളത്തുപ്രമാണിച്ചു് ഇവിടെ പ്രത്യേകപോലീസ് ബന്തവസ്സുകൾ ചെയ്തിരുന്നു.

വിമാനത്താവളത്തിൽവന്ന തിരുമേനിമാരെ പ്രധാനമന്ത്രി ടി കെ. നായർ, റവന്യൂമന്ത്രി പറമ്പിലോനപ്പൻ, ചീഫ്സിക്രട്ടറി സി. ജെ മാത്യു എന്നിവർ കൂടി സ്വീകരിച്ചു. ഹാരങ്ങൾ അർപ്പിക്കുകയും ബൊക്കെ സമർപ്പിക്കുകയും ചെയ്തു. തിരുമേനിമാർ അല്പനേരം അവിടെ കൂടിയിരുന്നവരുമായി കുശലപ്രശ്നം നടത്തിയശേഷം 7 മണിക്കു് അല്പംമുമ്പായി തിരുമനസ്സിലെ ഡക്കോട്ടാവിമാനത്തിൽ ഊട്ടിയിലേക്കു പുറപ്പെട്ടു.

തുണിനിയന്ത്രണം

നീക്കംചെയ്യുവാൻ ഇൻഡ്യാഗവമ്മെൻറിന്റെ തിരുമാനം

ഇപ്പോഴത്തെ വില വർദ്ധനവു് തുടരുന്നെങ്കിൽ മൂന്നു മാസംകഴിഞ്ഞു് ഈ തീരുമാനം പുനരാലോചിക്കപ്പെടും

(അസോഷ്യേററഡ്പ്രസ്സ്) ന്യൂഡൽഹി, ഏപ്രിൽ 22

ഒരു പ്രവിശ്യയിൽനിന്നു് മറെറാരു പ്രവിശ്യയിലേക്കു കയററി അയയ്ക്കുന്നതുസംബന്ധിച്ചുള്ള നിയന്ത്രണങ്ങളൊഴിച്ചു് തുണിയും നൂലും സംബന്ധിച്ചുള്ള സകലനിയന്ത്രണങ്ങളും നീക്കം ചെയ്യാൻ ഇൻഡ്യാഗവർമ്മെൻറു് തീരുമാനിച്ചിരിക്കുന്നതായറിയുന്നു. തുണിയുടെ ഫാക്ടറിവില അതിൽ പതിച്ചിരിക്കുന്നതാണ്. ഇപ്പോൾ തുണിയുടെ വില വർദ്ധിച്ചുവരുന്നതിൽ ഗവർമ്മെൻറിനു് അതിയായ ഉൽക്കണ്ഠയുണ്ടു്. ഇതിനു മാററമൊന്നും ഉണ്ടാകുന്നില്ലെങ്കിൽ നിയന്ത്രണം വീണ്ടും ഏർപ്പെടുത്തുന്നകാര്യം മൂന്നുമാസം കഴിഞ്ഞു് ആലോചിക്കുന്നതാണ്. മിൽ തുണിനിയന്ത്രണത്തിന്റെ ഫലമായി കൈത്തറിവസ്ത്രവ്യവസായത്തിൽ വന്നിട്ടുള്ള അധഃപതനം മറെറാരു പ്രശ്നമായിത്തീർന്നിട്ടുണ്ടു്. കരിഞ്ചന്തയിൽ എടുത്തിട്ടുള്ള അമിതമായ ലാഭം ഗവർമ്മെൻറുഖജനാവിൽ അടക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാൻ ഗവർമ്മെൻറു് എന്തെങ്കിലും വ്യവസ്ഥചെയ്യാനും ഇടയുണ്ടു്. പരുത്തിവില വർദ്ധിച്ചതുകൊണ്ടാണു് തുണിവിലകൂടിയതെന്നു് ടെക്സ്റ്റൈൽ വ്യവസായികൾ പറയുന്നു. മില്ലുടമസ്ഥന്മാർ ധാരാളം സ്റ്റോക്കു പൂഴ്ത്തിവയ്ക്കുക, ജൗളിവ്യാപാരത്തിൽ ഏർപ്പെടുന്ന ഇടത്തരക്കാരുടെ സംഖ്യ വർദ്ധിക്കുക മുതലായവയും വില കൂടുതലിനു കാരണമായി പറയപ്പെടുന്നു. ഗവർമ്മെൻറിന്റെ തീരുമാനം താമസിയാതെ പ്രഖ്യാപിക്കപ്പെടുന്നതാണ്.

വിചാരണതുടങ്ങി

അഖിലേന്ത്യാഹിന്ദുമഹാസഭാ നേതാക്കന്മാരുടെ

പത്രപ്രതിനിധികൾക്കോ പ്രതികളുടെ ആളുകൾക്കോ കോടതിയിൽ പ്രവേശനം ഇല്ല

(അസോഷ്യേററഡ് പ്രസ്സ്)
ന്യൂഡൽഹി ഏപ്രിൽ 22

അഖിലേന്ത്യാ ഹിന്ദുമഹാസഭാജനറൽ സെക്രട്ടറി മി. വി. ജി. ദേശപാണ്ഡെ, യൂ.പി. ഹിന്ദുമഹാസഭാ പ്രസിഡണ്ടു് മഹന്തു് ദിഗ്വിജയനാഥ്, ഡെൽഹിയിലെ പ്രൊഫസർ റാം സിംഗ് തുടങ്ങിയ ഹിന്ദുമഹാസഭാ നേതാക്കന്മാരുടെ വിചാരണ ഡെൽഹി ഡിസ്ട്രിക്ട് ജയിലിൽ റസിഡൻറു മജിസ്ട്രേട്ടായ മി. ആത്മപ്രകാശബാഗായിയുടെമുമ്പാകെ ആരംഭിച്ചിരിക്കുന്നു. പൊതുയോഗങ്ങൾ കൂട്ടുന്നതിനെ നിരോധിച്ചുകൊണ്ടുഡെൽഹി ഡിസ്ട്രിക്ട് മജിസ്ട്രേട്ടു പുറപ്പെടുവിച്ചിരുന്ന ഉത്തരവുകൾ ലംഘിച്ചു എന്നുള്ളതാണു് ഇവരുടെ മേലുള്ളകുററാരോപണം. ഇക്കഴിഞ്ഞ ജനവരി 27-ാം൹ ഡെൽഹിയിലെനെഹ്റു പാർക്കിൽ വച്ചു പ്രസംഗിച്ചതാണു കുററകാരണം.

വിചാരണവേളയിൽ പത്രപ്രതിനിധികൾക്കു് പ്രവേശനം ഉണ്ടായിരുന്നില്ല. പ്രതികളുടെ വിചാരണനടപടികൾ ശ്രദ്ധിക്കുവാൻ അനുവാദമില്ലാത്തതിനാൽ നടപടികളിൽ പങ്കുകൊള്ളുന്നില്ലെന്നു് പ്രതികൾ തീരുമാനിച്ചതിനെത്തുടർന്നു് തങ്ങളും ഇന്നത്തെ നടപടികളിൽ സഹകരിക്കുന്നില്ലെന്നു് പ്രതിഭാഗംവക്കീലന്മാർ പ്രസ്താവിച്ചു.

സ്നേഹിതന്മാർക്കുംമററും നടപടികളിൽ സംബന്ധിക്കുന്നതിനു് ചീഫ്കമ്മീഷണരുടെ പ്രത്യേകാനുമതി വാങ്ങിയിരിക്കണമെന്നു് മജിസ്ട്രേട്ടുപറഞ്ഞതിൽ പ്രതിഷേധിച്ചാണു് പ്രതികളും അതിൽ സംബന്ധിക്കാതിരിക്കുന്നതു്. തങ്ങളുടെ കേസ് മറേറതെങ്കിലും കോടതിയിലേക്കു മാററിക്കിട്ടുന്നതിനു് സമയംവേണമെന്നു് പ്രതികൾ ആവശ്യപ്പെട്ടിട്ടുണ്ടു്. മജിസ്ട്രേട്ടു് ഈ വാദം സമ്മതിക്കയും കേസ് മേ 5-ാം൹-ക്കു മാററുകയും ചെയ്തു.

പ്രവേശനാനുമതി ആവശ്യപ്പെട്ട പത്രപ്രതിനിധികളോടും മജിസ്ട്രേട്ടു പറഞ്ഞതു് ചീഫ്കമ്മീഷണരുടെ അനുവാദം ആവശ്യമാണെന്നാണ്.

സുന്ദരിയുടെമൂക്കിനെ ആക്ഷേപിച്ചതിനു

അരലക്ഷംപവൻ നഷ്ടപരിഹാരമാവശ്യപ്പെടുന്നു

ന്യൂയോർക്കു് ഏപ്രിൽ 21

ഒരമേരിക്കൻ മാസികയിൽ, തന്റെ നാസിക ശസ്ത്രക്രിയചെയ്തു ഭംഗി പിടിപ്പിച്ചതാണെന്നർത്ഥം വരത്തക്കവിധം പ്രസിദ്ധീകരിച്ചിരിക്കുന്ന പ്രസ്താവന, ജന്മസിദ്ധമായിത്തന്നെ താൻ അതിസുന്ദരിയാണെന്നുള്ള ഖ്യാതിക്കും, സിനിമാലോകത്തിൽ തനിക്കുള്ള സ്ഥാനത്തിനും വിലയ്ക്കും കുറവു ചേർക്കുന്ന ഒരു വ്യാജവാർത്തയാകയാൽ അരലക്ഷംപവൻ നഷ്ടപരിഹാരം വിധിച്ചുകിട്ടണമെന്നു് സുപ്രസിദ്ധ സിനിമാതാരമായ ഹെഡിലാമർ വ്യവഹാരം ബോധിപ്പിച്ചിരിക്കുന്നു. "ഹെഡിലാമറിന്റെ അവയവങ്ങൾക്കൊന്നിനുംതന്നെ ഭേദഗതിയൊന്നും ചെയ്തിട്ടില്ലെന്നും, ജനന സമയത്തുള്ള അതേസ്വാഭാവികാവസ്ഥയിൽത്തന്നെ ഇന്നും അവ ഇരിക്കുന്നെന്നും നിസ്തർക്കമാണെ"ന്നു ഈ സിനിമാതാരത്തിന്റെ വക്കീൽ കോടതിയിൽ ബോധിപ്പിക്കയുമുണ്ടായി.

ആർക്കും വേണ്ടാത്ത തീരുമാനം

ഇന്ത്യയും പാകിസ്ഥാനും നിരസിക്കുന്ന പഞ്ചാംഗ സന്മനോഭാവക്കമ്മീഷൻ

ലേക്ക്സക്സസ്സ് ഏ: 22

കാഷ്മീറിന്റെ ഭാവിസംബന്ധിച്ചുള്ള ഹിതപരിശോധനയുടെ മേൽനോട്ടം വഹിക്കുവാൻ അഞ്ചംഗങ്ങളുള്ള ഒരു സന്മനോഭാവ ദൌത്യസംഘത്തെ നിയോഗിക്കണമെന്നുള്ള സെക്യൂറിട്ടികൌൺസിലിന്റെനിശ്ചയം, പാകിസ്ഥാൻ പ്രതിനിധി സർ സഫറുള്ളായുടെ പരസ്യമായ ഭൽസനത്തിനു പാത്രമായിരിക്കുന്നു. ഇന്ത്യാഗവർമ്മെൻറു തീരുമാനിക്കേണ്ട കാര്യമാണിതെന്നാണു് സർ ഗോപാലസ്വാമിഅയ്യങ്കാർ പറഞ്ഞതു്. അനീതിപരവും ഏകപക്ഷീയവുമായ ഈ നിർദ്ദേശത്തിനു വഴങ്ങിക്കൊടുത്തു, കാഷ്മീർ സ്വാതന്ത്ര്യത്തിൽ പുറമെനിന്നുള്ള ഇടപെടൽ അനുവദിച്ചുകൊടുക്കാൻ തയ്യാറില്ലെന്നു ഷേക്ക്അബ്ദുള്ളായുടെ അദ്ധ്യക്ഷതയിൽക്കൂടിയ കാഷ്മീർ നാഷനൽകോൺഫ്രൻസ് പ്രഖ്യാപിച്ചിരിക്കുന്നു.

(റോയിട്ടർ & ഏ: പി:)

റീവാരാജാവ്

ന്യൂഡൽഹി, ഏ. 22

റീവാമഹാരാജാവും പ്രധാനമന്ത്രിയും ഇന്നു് സർദാർ പട്ടേലിനെസന്ദർശിച്ചു്, തടങ്കലിലിരിക്കുന്ന മുൻറീവാമഹാരാജാവായ സർ ഗുലാബ്സിങ്ങിന്റെ ആരോഗ്യകാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കണമെന്നും, കൂടുതൽ ആരോഗ്യകരമായ ഒരുസ്ഥലത്തേക്കു് അദ്ദേഹത്തെ മാററി താമസിപ്പിക്കണമെന്നും അഭിപ്രായപ്പെട്ടതായറിയുന്നു.

തൊഴിലാളി പരാജയമല്ല

റോം, ഏ. 22

കാർഷികപരിഷ്കരണവും, ധനത്തിന്റെ പുനർവിതരണവുമാണു് പുതിയ ഇററാലിയൻ ഭരണകൂടത്തെ അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നങ്ങളെന്നും, ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ക്രിസ്ത്യൻ ഡെമോക്രാററിക്കു് കക്ഷിയ്ക്കുണ്ടായ വിജയം, തൊഴിലാളി വർഗ്ഗത്തിന്റെ പരാജയമായി ഗണിക്കേണ്ടതില്ലെന്നും ഇററാലിയൻ പ്രധാനമന്ത്രി റോയിട്ടരോടു പറഞ്ഞിരിക്കുന്നു.

പാകിസ്ഥാൻ പ്രതിനിധി

കറാച്ചി, ഏപ്രിൽ 22

അഫ്ഗാനിസ്ഥാനിലെ പാകിസ്ഥാൻ പ്രതിനിധിയായി മി: ഐ. ഐ. ചുന്ദ്രിഗാറെ നിയമിച്ചിരിക്കുന്നു.

സെമിൻദാരി സംഹാരം

മദ്രാസ്, ഏ. 22

ജൂൺ ആദ്യവാരത്തിൽ, മദ്രാസിലെ സെമിൻദാരിസമ്പ്രദായം നിർത്തലാക്കുന്ന നിയമം നടപ്പിൽവരുമെന്നു് റവന്യൂമന്ത്രിമി വെങ്കിട്ടറാവു ഇന്നു പറയുകയുണ്ടായി.

—o—

വിമർശനവീഥി

ഡെപ്യൂട്ടി പ്രസിഡണ്ടിന്റെ തെരഞ്ഞെടുപ്പു്:—

മി. ജി. ചന്ദ്രശേഖരൻപിള്ളയെ ഡെപ്യൂട്ടി പ്രസിഡണ്ടായി ഐകകണ്ഠ്യേന തെരഞ്ഞെടുത്തതിൽ പല അഭിനന്ദന പ്രസംഗങ്ങളും പ്രതിനിധിസഭയിൽ നടന്നു. എന്നാൽ, തമിഴ്നാടു പാർട്ടിയിൽ നിന്നോ മുസ്ലീംലീഗ് പാർട്ടിയിൽ നിന്നോ ആരും തന്നെ അഭിനന്ദിച്ചു് പ്രസംഗം നടത്തിയതായി കണ്ടില്ല. മി. ഏ. ജെ. ജോണിനെപ്രസിഡണ്ടായിതെരഞ്ഞെടുത്തപ്പോൾ തമിഴ്നാട്ടു പാർട്ടി ഹാജരുണ്ടായിരുന്നില്ല. അടുത്ത ദിവസം അവർ ഹാജരായപ്പോൾഅവരുടെനേതാവായ മി. നേശമണി പ്രസിഡണ്ടിനോടു് പ്രത്യേകാനുമതി വാങ്ങിച്ചു് അനുമോദന പ്രസംഗം നടത്തി. മത്സരത്തിൽ തോൽക്കുന്ന സ്ഥാനാർത്ഥികളും ജയിക്കുന്ന സ്ഥാനാർത്ഥിയെ അനുമോദിച്ചു് പ്രസംഗം നടത്തുക എന്നൊരു സാധാരണമര്യാദ എല്ലായിടത്തും കാണാറുണ്ടു്. വല്ല കാരണങ്ങളാലും ഈ രണ്ടു പാർട്ടികൾക്കും ഇച്ഛാഭംഗത്തിനിട വന്നിട്ടുണ്ടെങ്കിൽ തന്നെയും പാർലമെൻററി മര്യാദ ലംഘിക്കേണ്ട ആവശ്യമില്ലായിരുന്നു. പാർട്ടി പോളിററിക്സ് അധഃപതിക്കാതിരിക്കുവാൻനേതാക്കന്മാർ പ്രത്യേകം ശ്രദ്ധിക്കണം.

ദഹിക്കുന്നില്ല:—

ഉത്തരവാദഭരണം ഇവിടെ ചിലർക്കു ദഹിക്കാത്ത ഒരു പദാർത്ഥം ആണെന്നു് തോന്നുന്നു. സർവ്വത്ര അതൃപ്തി! എന്തൊരാവേശം, ആർത്തി, നുണ, ഏഷണി, ഭീഷണി!! സർ സി.പിയുടെ കാലത്തുപോലും ഇത്ര കണ്ടു സ്പഷ്ടമായ രീതിയിൽ ഉള്ള അതൃപ്തി പ്രകടനം ഇവിടെ കണ്ടിട്ടില്ല. ആന്ധ്ര സർവ്വകലാശാല വൈസ് ചാൻസലർ ഡോ. സി.ആർ റെഡ്ഡി മദ്രാസ് മന്ത്രിസഭാ പ്രവർത്തനത്തെപ്പററിപറഞ്ഞതു് അക്ഷരം പ്രതിയുംകൂടുതലായുംഇവിടെപററുന്നതാണ്: "നിയമസഭാംഗങ്ങൾ ചെല്ലുമ്പോഴൊക്കെ അവരെ സ്വീകരിക്കണം, അവർ പറയുന്നതൊക്കെ കേൾക്കണം, അവരുടെ വീടും, കാതും, ഹൃദയവും ഇവർക്കു പണയപ്പെടുത്തണം—അവരുടെ വസതിയും സമയവും പുറമ്പോക്കായിരിക്കണം പോലും!" ഇവിടുത്തെ കാര്യമാണെങ്കിൽ നിയമസഭാംഗങ്ങളുടെ ലിസ്റ്റിന്റെ കൂടെ ബന്ധുമിത്രാദികൾ, ഗുണകാംക്ഷികൾ, യജമാനക്കാർ എന്നിങ്ങനെ ഗ്രൂപ്പുകൾ അനവധിയുണ്ടു്. ഇവരൊക്കെ മന്ത്രിമാരുടെ ഒററി അവകാശക്കാരാണ്. രണ്ടുമേഘങ്ങൾ തമ്മിൽ കൂട്ടിമുട്ടുമ്പോൾ ഇടിയും മിന്നലും ഉണ്ടാകുന്നു എന്നു് നാം ബാല്യകാലത്തു് പഠിച്ചിട്ടുണ്ടു്. സ്വേച്ഛാധിപത്യത്തിൽ നിന്നും ജനകീയ ഹസ്തങ്ങളിലേക്കു അധികാരം കൈമാറിയതുമൂലം വന്ന ഏററു മുട്ടലായിരിക്കാം ഈ വീർപ്പുമുട്ടലുകൾക്കു് കാരണം.

ചീഫ് വിപ്പിന്റെ രാജി:—

മി. പി. ററി. ചാക്കോ ചീഫ് വിപ്പു് സ്ഥാനം രാജിവച്ചിരിക്കുന്നതായി പ്രഖ്യാപനം ചെയ്തിരിക്കുന്നു. ചാക്കോച്ചനും അച്ചടക്കവുമായി വലിയ പൊരുത്തമൊന്നുമില്ലാത്തതാണു്,രാജിക്കു് കാരണമെന്നു് ഒരു കൂട്ടർ പറയുന്നു. അതൊരു അഭിപ്രായ ധീരതാ പ്രകടനമാണെന്നു മറെറാരു കൂട്ടർ ഘോഷിക്കുന്നു, ഏതായാലും, ആക്കം ശീലിച്ചതേ പാലിയ്ക്കാനൊക്കൂ. തൊഴുത്തിൽ കുത്തില്ലെങ്കിൽ പി.ററി. ചാക്കോയുമില്ലെന്നു തോന്നുന്നു. ചില വൻപിച്ച രാഷ്ട്രീയക്കസർത്തുകൾക്കുള്ള പ്രാരംഭ തയ്യാറെടുക്കലാണിതെന്നു മുത്തശ്ശിമാർ മുരളുന്നു.

മി. കേശവന്റെ ജൈത്രയാത്ര.—

മൂന്നു മന്ത്രിമാരുള്ളതിൽ മി. സി. കേശവനാണു് പൊതുജനസമക്ഷം മന്ത്രിപ്രവീണനായി നിൽക്കുന്നതു്. മററു രണ്ടുപേരും വെറുതെയങ്ങു വിശ്രമസുഖമനുഭവിക്കുകയാണെന്നു തോന്നും പ്രസിദ്ധീകരണത്തിൽ ശ്രദ്ധിക്കാതുള്ള അവരുടെ പോക്കു കാണുമ്പോൾ. പ്ര. മന്ത്രി ഒരു പ്രസ്സ് കോൺഫ്രൻസു നടത്തി പൊതുജനങ്ങളുടെ മുൻപിൽ ഒരു വിചാരണയ്ക്കു തയ്യാറായി. അതിനും കൂടെപ്പോയില്ല, നമ്മുടെ ആറടി വീരൻ ടി. എം;മലയിളകിലും മനമിളകാത്ത ടി. എം. "പുണ്യ ഭൂമിയായ നാഞ്ചിനാട്ടിൽ ആദ്യത്തെ ജനകീയ മന്ത്രിയായ മി. കേശവന്റെ പാദാരവിന്ദങ്ങൾ സ്പർശിച്ച" നാൾമുതൽ ഇന്നോളവും, അദ്ദേഹത്തിന്റെ ചെയ്തികൾ സമസ്തവും പൊതുജനസമക്ഷം, സമർത്ഥമായൊരു പ്രചരണവകുപ്പു അവതരിപ്പിക്കുന്നുണ്ടു. ഡാ. ജാൺസന്റെ ആരാധകനായ ബോസ്‌വെൽ തൊട്ടതിനും പിടിച്ചതിനുമൊക്കെ സാധു ജാൺസനെ പുകഴ്ത്തുന്നതു കേട്ടു, ഡാക്ടരുടെ ഉററമിത്രമായ ഗോൾഡ്സ്മിത്തു സഹികെട്ടു പറഞ്ഞു:— എന്റെ പൊന്നു സ്നേഹിതാ! ഇവനെ കുറെനാൾ കൊണ്ടുനടക്കാതിരിക്കണേ. ഇവന്റെ ഭോഷത്തരമായ ആരാധന നിങ്ങളുടെ വലിപ്പത്തെയും മാഹാത്മ്യത്തെയും ഇല്ലായ്മ ചെയ്യുന്നു.

അസംഗതവും അനാവശ്യവുമായ പത്രപ്രചരണം മി. കേശവനെ കുഴപ്പത്തിലാക്കുമെന്നു തോന്നുന്നു എന്നു ഗോൾഡ് സ്മിത്തിന്റെ ഭാഷയിൽ മി. കേശവന്റെ ഒരാത്മമിത്രം തന്നെ പറയുകയുണ്ടായി. മി. കേശവന്റെ പബ്ളിസിററി ബന്ധുക്കൾ, ഇന്നത്തെ രീതിയിൽ പ്രചരണം നടത്തി അദ്ദേഹത്തിനോടു ശത്രുത്വം കാണിക്കാതിരുന്നാൽ കൊള്ളാം.

നെല്ലും സ്വർണ്ണാഭരണവും കൊള്ള ചെയ്തു

വീട്ടുടമസ്ഥനെ വൃക്ഷത്തിൽ പിടിച്ചു കെട്ടിയശേഷം കമ്യൂണിസ്റ്റുകാർ

ഇതിനുശേഷം അവർ സംഘം ചേർന്നു പോലീസ്സിനെയും ആക്രമിച്ചു—മലബാറിലെ ദുരവസ്ഥ

മദ്രാസ് ഏപ്രിൽ 21

കഴിഞ്ഞ ആഴ്ചയിൽ കമ്മ്യൂണിസ്റ്റുകാർ തഞ്ചാവൂരിലും കൃഷ്ണ, മലബാർ ഡിസ്ട്രിക്ടുകളിലും നടത്തിയ കൊള്ളകളെയും അതിക്രമങ്ങളെയും വിവരിച്ചുകൊണ്ടു് മദ്രാസ് ഗവമ്മെൻറു് ഔദ്യോഗികമായി ഒരു റിപ്പോർട്ടു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. മലബാർ ഡിസ്ട്രിക്ടിൽ 50 കമ്മ്യൂണിസ്റ്റുകാർ പയ്യന്നൂരിനടുത്തു് ഒരു വീട്ടിൽ ബലമായി കയറിച്ചെന്നു് വീട്ടുടമസ്ഥനെ ഒരു വൃക്ഷത്തിൽ പിടിച്ചു കെട്ടുകയും കൊന്നുകളയുമെന്നു് ഭീഷണിപ്പെടുത്തുകയും ചെയ്തശേഷം നെല്ലും സ്വർണ്ണാഭരണങ്ങളും കൊള്ള ചെയ്തു കൊണ്ടുപോയി. പോലീസ് പിന്നീടു് മൂന്നുപേരെ അറസ്റ്റു് ചെയ്യുകയും കൊള്ളചെയ്ത വസ്തുവകകളിൽ ഒരു ഭാഗം വീണ്ടെടുക്കുകയും ചെയ്തു. കമ്മ്യൂണിസ്റ്റുകാർ ഇതിനുശേഷവും കൂട്ടംകൂടി പോലീസിനെ ആക്രമിച്ചു. അതേ തുടർന്നു് പോലീസ് വെടിവച്ചു് ജനക്കൂട്ടത്തെ പിരിച്ചുവിട്ടു.

എ പി ഐ

പ്രാദേശികവാർത്തകൾ

കൊല്ലം

(സ്വ. ലേ.)

മേടം 10

വടക്കും ഭാഗം വാർഡിലെ മുനിസിപ്പൽ കൗൺസിലർ മി: ആർ. കാൺസ്റ്റൻറയിൻ രാജിവച്ചതിനെ തുടർന്നുള്ള ഉപതെരഞ്ഞെടുപ്പിൽ മെ. പീററർ ഫെർണാണ്ടസും, ഫിലിപ്പ്സെബാസ്റ്റ്യനും നിർദ്ദേശ പത്രികകൾ ഇന്നു ഇലക്ഷൻ ആഫീസറായ തഹസീൽദാർക്കു സമർപ്പിച്ചിരിക്കുന്നു.

* * *

കേരളാ സോഷ്യലിസ്റ്റുപാർട്ടിയുടെ ഒന്നാമതു കൺവൻഷൻ മെയ് 1–ാം, 2–ാം-കളിൽ ഇവിടെവച്ചു കൂട്ടുന്നതിനുവേണ്ട സജ്ജീകരണങ്ങൾ ചെയ്തുവരുന്നു.

മുനിസിപ്പൽ ലൈബ്രറിയിലെ ആവശ്യത്തിലേക്കായി 600രൂപയുടെ പുതിയ പുസ്തകങ്ങൾ വാങ്ങുന്നതിനു മുനിസിപ്പൽ കൗൺസിൽ തുകയനുവദിച്ചിരിക്കുന്നു.

* * *

കൊല്ലത്തെ മുനിസിപ്പൽ പാർക്കിൽ കൗൺസിലിന്റെ തീരുമാനമനുസരിച്ചു് പുതുതായി സ്ഥാപിച്ച റേഡിയോസെററ്, മുനിസിപ്പൽ പ്രസിഡൻറു് മി: രാഘവൻ ഉൽഘാടനം ചെയ്യുകയുണ്ടായി.

* * *

കൊട്ടാരക്കരക്കു ഏതാനും മൈൽ കിഴക്കുള്ള ചെങ്ങമനാട്ടു ചന്തക്കടുത്തുവച്ചു രണ്ടു യുവാക്കന്മാർ തമ്മിൽ നടന്ന വഴക്കിനെ തുടർന്നു, കുത്തേററ ഒരു യുവാവിനെ അവശനിലയിൽ സ്ഥലം ഡി: ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു. പ്രസ്തുതയുവാവിന്റെ പരുക്കു് ഗുരുതരമാണു്.

കരിംകുന്നം

(സ്വ. ലേ.)

മേടം 10

കരിംകുന്നം പള്ളിക്കു സമീപം ഒരുകൂട്ടം കമ്മ്യൂണിസ്റ്റു ചട്ടമ്പികൾ കൂട്ടംകൂടി പലവിധ അക്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

കാക്കാഴം

(സ്വ. ലേ.)

മേടം 11

ചരിത്ര പ്രാധാന്യം അർഹിക്കുന്ന കാക്കാഴം ജമാമസ് ജിദിൽ വളരെ കൊല്ലങ്ങളായി നടന്നുവരുന്ന ജുമാനമസ്കാരത്തിനു യാതൊരു കാരണവശാലും മുടക്കം വരാത്തതും എന്നാൽ ഈ മാസം നാലാം തീയതി വെള്ളിയാഴ്ച പതിവുപോലെ ജമാനമസ്കാരത്തിനു് ജനങ്ങൾ പള്ളിയിൽ വന്നു ചേർന്നപ്പോൾ മോതീൽ അധികാരി പള്ളിപൂട്ടി താക്കോൽകൊണ്ടുപോയതിനാൽ സ്ഥലവാസികളായ മുസ്ലീങ്ങൾക്കു് നമസ്കരിക്കാൻ സാദ്ധ്യമാകാതെ ഇച്ഛാഭംഗത്തോടുകൂടി തിരിച്ചു പോരേണ്ടിവന്നതായറിയുന്നു.

പാമ്പാടി

(സ്വ. ലേ.)

മേടം 9

പാമ്പാടിയിലെ പുരോഗമനേച്ഛുക്കളായ വിദ്യാർത്ഥികളുടെ പത്രാധിപത്യത്തിൽ "ത്രിവേണി" എന്ന ഒരു കയ്യെഴുത്തുവാരിക പ്രസിദ്ധപ്പെടുത്തുവാൻ തുടങ്ങിയിരിക്കുന്നു. മ[illegible]ാഗാന്ധിയുടെ പാവനസ്മരണയ്ക്കുവേണ്ടിയാണു് ഈ വാരിക ഈ നാമധേയം കൈക്കൊണ്ടിരിക്കുന്നതെന്നുള്ളതുംസ്മരണീയം ആണു്.

സ്ഥലത്തുള്ള ആസ്പത്രികെട്ടിടം വളരെ ജീർണ്ണിച്ചും മഴനനഞ്ഞും വളരെ വിഷമസന്ധിയിൽ എത്തിക്കഴിഞ്ഞിരിക്കുന്നു. അധികൃതശ്രദ്ധ പതിയേണ്ടതാണു്.

മാങ്ങാനം

ക്രൈസ്തവാശ്രമം

(ഒ. ലേ.)

മേടം 11

യൂത്ത് ക്രിസ്ത്യൻകൗൺസിൽ ഓഫ് ആക്ഷന്റെ അഭിമുഖ്യത്തിൽ മെയ് 10 മുതൽ 17 വരെ ഒരു അദ്ധ്യയനക്ലാസ്സ് മാങ്ങാനം ക്രൈസ്തവാശ്രമത്തിൽ വച്ചു നടത്തപ്പെടുന്നതാണെന്നു മുമ്പു പ്രസ്താവിച്ചിരുന്നല്ലോ. എന്നാൽ ചില പ്രത്യേകസാഹചര്യങ്ങൾമൂലം ഈ തീയതിമാററി മേയ് 9–ാംതീയതി ഞായറാഴ്ച വൈകുന്നേരം മുതൽ 15–ാം തീയതി ശനിയാഴ്ചവരെയാണു് ക്ലാസ്സുകൾ നടത്തുവാൻ ഉദ്ദേശിക്കുന്നതു് എന്നുള്ള വിവരം പ്രത്യേകം പ്രസ്താവിച്ചുകൊള്ളുന്നു. റവ: ഫാദർ കാളാശ്ശേരി, മെ. ജി. വി. ജോബ് എം. എ. എൽ. ററി (മദ്രാസ്); നൈനാൻ ഏബ്രഹാം, എം. എ; മാത്യു പി. ജോൺ ബി. ഡി., സാധു കെ. ഐ. മത്തായി, പി. എം. മാണി (എറണാകുളം) ഹൂസിഡ്സ് (തിരുപ്പത്തൂർ) എന്നിവർ ക്ലാസ്സുകൾ എടുക്കുന്നതാണു്. ക്ലാസ്സുകളിൽ സംബന്ധിക്കുവാൻ ആഗ്രഹിക്കുന്നവർ 1 രൂ. 8. ണ മേയ് 1–ാംതീയതിക്കകം വി. ററി ചാണ്ടപ്പിള്ള, സെക്രട്ടറി, വൈ സി, സി. എ. ക്രൈസ്തവാശ്രമം, മാങ്ങാനം കോട്ടയം എന്ന മേൽവിലാസത്തിൽ അയച്ചു പേർ രജിസ്റ്റർ ചെയ്യേണ്ടതാണു്.

കാളിയാർ

(സ്വ. ലേ)

മേടം 10

കാളിയാർകർഷകസംഘത്തിന്റെ ഒരു പൊതുയോഗം പ്രസിഡൻറവർകളുടെ അദ്ധ്യക്ഷതയിൽ ഇന്നു് കൃത്യം രണ്ടുമണിക്കു് കൂടുകയുണ്ടായി 25–6–123 ൽ കൂടിയ പൊതുയോഗത്തിൽ സംഘത്തിന്റെ വരവുചിലവുകണക്കുകൾ വായിച്ചു പാസ്സാക്കിയതിനുശേഷം നാളതുവരെയുള്ള കണക്കുകൾ വായിക്കുകയും സഭ ഐകകണ്ഠ്യേന അതു് പാസ്സാക്കുകയും ചെയ്തു. ഹിന്ദുകോളനിക്കു് സ്ഥലം അനുവദിച്ചു കൊടുത്തതിനെ തുടർന്നു് സമുദായ സൗഹാർദ്ദത്തിൽ ദേശീയൈക്യപുരോഗമനത്തിനുള്ള പദ്ധതികൾ കൈക്കൊള്ളുന്നതിനുവേണ്ടി സംഘം ഉന്നയിച്ചിട്ടുള്ള നിയമാനുസൃതമായ നടപടികൾക്കും നിവേദനങ്ങൾക്കും തന്നെ 711 രൂപ 10ണ 2പൈ ചിലവായിട്ടുണ്ടെന്നു് പ്രസിഡൻറവർകൾ വിശദീകരിക്കുകയുണ്ടായി. ഭക്ഷ്യനിയന്ത്രണം എടുത്തുകളയണമെന്നും കോടിക്കുളത്തൊരഞ്ചലാഫീസ് സ്ഥാപിക്കണമെന്നും നിലങ്ങൾക്കു സമീപം മൂന്നു ചങ്ങലവീതിയിൽ സ്ഥലം കിട്ടത്തക്കവണ്ണം നിലത്തിന്റെ അതിർത്തിചേർന്നു സ്ഥാപിച്ചിട്ടുള്ള റിസർവ് ബൗണ്ടറി മാററികിട്ടണമെന്നും മററുമുള്ള പ്രമേയങ്ങൾ സർവ്വസമ്മതമായി പാസ്സാക്കുകയും ചെയ്തു.

ചങ്ങനാശ്ശേരി

(സ്വ. ലേ.)

മേടം 9

വാഴപ്പള്ളിൽ കൽക്കുളത്തുകാവിൽ ഈ മാസം 18–ാം തീയതിവെള്ളിയാഴ്ച "മുടിഎഴുന്നള്ളിപ്പ്" ഉത്സവം നടക്കുന്നതാണെന്നറിയുന്നു. 1105–ാമാണ്ടു് മുടി എഴുന്നള്ളിപ്പ് നടന്നതിൽ പിന്നെ ഇപ്പോഴാണു് ഈ മഹോത്സവം വീണ്ടും നടത്തുന്നതു്.

അരിയുടെ യൂണിററുവില വർദ്ധിച്ചതോടുകൂടി റേഷൻവാങ്ങാൻ നിവൃത്തിയില്ലാതെ അനവധി കർഷകുടുംബങ്ങൾ വിഷമിക്കുന്നതായി അറിയുന്നു.

പെരുന്നയിലെ ഒരു കച്ചവടക്കാരനും സജീവസ്റ്റേററുകോൺഗ്രസ്സ് പ്രവർത്തകനുമായ മുളമ്പള്ളിൽ മി. പി. കെ. രാഘവൻപിള്ളയും ആലപ്പുഴ സ്വരാജ് നാവിഗേഷൻ മാനേജർ കുമരകത്തു് മേക്കാട്ടുവീട്ടിൽ മി. ദാമോദരൻ പിള്ളയുടെസഹോദരി ശ്രീമതി എം. എൻ. രത്നമ്മയും തമ്മിലുള്ള വിവാഹം ഇന്നലെ രാവിലെ ഒൻപതരമണിക്കുള്ള ശുഭമുഹൂർത്തത്തിൽ വധൂഗൃഹത്തിൽവച്ചു സമംഗളം നടന്നിരിക്കുന്നു.

ആലപ്പുഴ

(സ്വന്തം ലേഖകൻ)

മേടം 10

സ്ഥലത്തെ പുഷ്പവിലാസം ബാങ്കു് മാനേജർ മി: നാരായണൻനായരെ കയ്യേററം ചെയ്യാൻ ഒരുമ്പെട്ട പ്രതികളായ കേഡിക്കുട്ടപ്പൻ, ശുപ്രൻ എന്നിവരെ സ്ഥലം പോലീസ് അറസ്റ്റുചെയ്തു് ഏതാനും ദിവസത്തെ റിമാൻറിൽ സ്റ്റേഷൻ ലാക്കപ്പിൽ സൂക്ഷിച്ചിരിക്കുന്നു.

[illegible] ട്രാവൻകൂർ മോട്ടോർ ആൻഡ് മെക്കാനിക്കൽ വർക്കേഴ്സിന്റെ എക്സിക്യൂട്ടീവ് കമ്മററിയുടെ ഒരു യോഗം കഴിഞ്ഞദിവസം രാത്രി യൂണിയനാഫീസിൽവെച്ചു് പ്രസിഡണ്ടു് മി: കെ സി മാത്യുവിന്റെ അദ്ധ്യക്ഷതയിൽ കൂടി. മോട്ടോർ വർക്കേഴ്സിന്റെ അവശതാപരിഹാരത്തെപ്പററി പര്യാലോചിക്കയും ഏതാനും തീരുമാനങ്ങൾചെയ്കയും ചെയ്തിരിക്കുന്നതായി അറിയുന്നു.

അമ്പലപ്പുഴ—ചേർത്തല കയർ വ്യവസായ തൊഴിലാളി യൂണിയൻ ഫാക്ടറി കമ്മററിയുടെ ഒരു വിശേഷാൽയോഗം കഴിഞ്ഞദിവസം വൈകുന്നേരം യൂണിയൻ ആഫീസിൽവെച്ചു് പ്രസിഡണ്ടു് മി: കെ സി മാത്യുവിന്റെ അദ്ധ്യക്ഷതയിൽ നടത്തുകയുണ്ടായി

തിരുവിതാംകൂർ കയർഫാക്ടറി വർക്കേഴ്സ് യൂണിയന്റെ അഭിമുഖ്യത്തിലും പ്രസിഡണ്ടു് മി: ഏ രാജുവിന്റെ അദ്ധ്യക്ഷതയിലും അരയശ്ശേരിമൈതാനത്തുവെച്ചു് ഒരു യോഗം കൂടി. ഇന്നത്തെ മന്ത്രിസഭാംഗങ്ങൾ തൊഴിലാളിപ്രശ്നത്തിൽ അനാസ്ഥകാണിക്കുന്നതിനെപ്പററിയും മററും ഒരു മെമ്മോറാണ്ഡം തയ്യാറാക്കി ബഹു: മന്ത്രിമാർക്കു് സമർപ്പിച്ചു് നിവേദനം നടത്തുവാൻ പത്തു പ്രതിനിധികളടങ്ങിയ ഒരു കമ്മററിയെ തെരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നതായറിയുന്നു.

അമ്പലപ്പുഴ—ചേർത്തല താലൂക്കുകളിലെ ദുരിതങ്ങൾ നേരിട്ടറിയുന്നതിനും നിവാരണങ്ങൾ നിർദ്ദേശിക്കുന്നതിനും മററുമായി ബഹു: മന്ത്രി ശ്രീ. സി കേശവനും ലേബർകമ്മീഷണർ മി: വി കെ വേലായുധനും കൂടി രണ്ടാഴ്ചയ്ക്കുള്ളിൽ ആലപ്പുഴ സന്ദർശിക്കുന്നതിനു് ഇടയുണ്ടെന്നു് അറിയുന്നു.

മടയാംതോട്ടുഭാഗത്തുവെച്ചു് അക്രമപ്രവർത്തികൾ നടത്തി പൊതുജനദ്രോഹങ്ങൾക്കിടയാക്കിയവരെന്നു സംശയിക്കപ്പെടുന്ന ഏതാനുംപേരെ സ്ഥലം പോലീസ് പിടികൂടിയിരിക്കുന്നതായും ഒളിവിൽ പാർക്കുന്നവരെപ്പററിയുള്ള നിഷ്കർഷയായ അന്വേഷണം നടത്തിവരുന്നതായും അറിയുന്നു.

കുട്ടിക്കൽ

(സ്വന്തം ലേഖകൻ)

മേടം 10

8–ാം നു- രാത്രിയിൽ ചന്തയിലുള്ള മി: പി ജെ കുര്യൻ അവർകളുടെ ജൗളിക്കടയിലും അടുത്തുള്ള മലഞ്ചരക്കുകടയിലും കള്ളന്മാർ കയറി ഏകദേശം 500 രൂപയ്ക്കുള്ള ജൗളികളും, കുറെ രൂപയും, ഏതാനും സ്വർണ്ണഉരുപ്പടികളുംകൊണ്ടു് കടന്നിരിക്കുന്നു. അതേരാത്രിയിൽ അടുത്തുള്ള വേറൊരുകടയുടെയും താഴു് കുത്തിപ്പൊളിച്ചിട്ടുണ്ടു്. ഇതുപോലെ ഇതിനുമുൻപു് രണ്ടുമൂന്നു പ്രാവശ്യം ഓരോ കൊള്ളകൾ നടത്തിയിട്ടുണ്ടു്.

—o—

കാൺഗ്രസ് നേതാക്കന്മാർ ബോംബെയിൽ.

ഏ. ഐ. സി. സി. സമ്മേളനം സംബന്ധിച്ചു്.

ബോംബെ ഏ. 22

രണ്ടു ദിവസത്തേക്കു ദീർഘിക്കുന്നതും നാളെ ഇവിടെവച്ചാരംഭിക്കുന്നതുമായ അഖിലേന്ത്യാ കോൺഗ്രസ്സ് കമ്മററിയോഗത്തിൽ സംബന്ധിക്കുന്നതിനായി പണ്ഡിതനെഹ്റു, മൌലാനാ അബ്ദുൾകലാം ആസാദ് ഡോ: രാജേന്ദ്രപ്രസാദ് എന്നിവർ ഇന്നു കാലത്തു് ഇവിടെയെത്തിയിരിക്കുന്നു. കോൺഗ്രസ് ജനറൽ സെക്രട്ടറിയായ ശങ്കർറാവുദേവും വന്നുചേർന്നിട്ടുണ്ടു്. (ഏ. പി.)

കോട്ടയം

(സ്വന്തംറിപ്പോർട്ടർ)

മേടം 12

വെററിനറി ഇൻസ്പെക്ടർ ആയി നിയമിച്ചിരുന്ന മി. ററി. ജി. ചാക്കോ ഇവിടെ എത്തി ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

അരിവില വർദ്ധിപ്പിച്ചതിലും, ദേശീയഗവമ്മെൻറുനയത്തിലും ഉള്ള പ്രതിഷേധം രേഖപ്പെടുത്തുവാൻ ഇന്നലെ ജില്ലാക്കോടതിമൈതാനത്തു വച്ചു ഒരു കമ്മ്യൂണിസ്റ്റ്യോഗം നടന്നിരിക്കുന്നു. ഇന്നു വൈകിട്ടു വേളൂർ വച്ചു് ഒരു യോഗം നടക്കുന്നതാണു്. നാളെ വൈകിട്ടു തിരുനക്കരമൈതാനത്തു വച്ചു ഹൈദരബാദ്ദിനം സംബന്ധിച്ചു് ഓരോ കമ്മ്യൂണിസ്റ്റ് യോഗങ്ങൾ നടക്കുന്നതാണു്.

ആലുവായിക്കു പോയിരുന്ന ഡിവിഷൻപേഷ്കാർ മി. ബി. പരമുവും, ഡി. എസ്. പി. മി. ഗംഗാധരനും ഇന്നലെ വൈകിട്ടു് ഇവിടെ തിരിച്ചെത്തിയിരിക്കുന്നു.

റിട്ടയിൽവ്യാപാരസ്ഥലവും ഹോൾസെയിൽഡിപ്പോയും തമ്മിലുള്ള ദൂരം, ഗതാഗതസൌകര്യം മുതലായ സംഗതികളെ പരിഗണിച്ചു കോട്ടയംതാലൂക്കിന്റെ വിവിധപകുതികളിൽ യൂണിററിനു 13 ചക്രം 6 കാശു മുതൽ 13 ചക്രം 12 കാശുവരെ വിൽപ്പന നടത്തുവാൻ താലൂക്കധികൃതർ റിട്ടയിൽവ്യാപാരികൾക്കു നിർദ്ദേശം നൽകിയിരിക്കുന്നു.

അദ്ധ്യാപകപണിമുടക്കുമൂലം പഠിപ്പു മുടക്കേണ്ടിവന്ന പ്രൈവററു പ്രൈമറിസ്കൂൾ വിദ്യാർത്ഥികൾക്കു് അവധിക്കാലത്തു നടത്തിവന്നിരുന്ന ക്ലാസുകൾ, ഈ മാസം 15–ാം നു-കൊണ്ടു അവസാനിപ്പിക്കുന്നതും, വിജയാപജയം നിശ്ചയിക്കുന്ന ഒരു ലിസ്റ്റ് തയ്യാർചെയ്യുന്നതുമാണെന്നറിയുന്നു. വെക്കേഷൻകാലത്തു് അദ്ധ്യയനം നടത്തുന്നതു തന്നെ എഡ്യുക്കേഷൻകോഡിനു വിപരീതമായിരിക്കുന്ന സ്ഥിതിക്കു് ഇതൊരു പാഴ്വേലയായിത്തീരുമോ എന്നു പണിമുടക്കിലും സത്യഗ്രഹത്തിലും ഉൾപ്പെട്ട ഒരദ്ധ്യാപകനോടു ചോദിച്ചതിൽ, എല്ലാത്തിനും ഒരു പോംവഴി ഉണ്ടാകുമെന്നാണു് പറഞ്ഞതു്.

കോട്ടയം പഴയസിമ്മനാരിക്കു വടക്കുവശം മീനച്ചിലാറു് 2 കൈവഴികളായി തിരിയുന്നിടത്തു് അയ്മനം മര്യാത്തുരുത്തു് കരയിൽ മൂലക്കാട്ടു പുരയിടത്തിൽ ഉദ്ദേശം 46 സെൻറു സ്ഥലവും തെങ്ങു് മുതലായഒട്ടധികം വൃക്ഷങ്ങളും, ജലപ്രവാഹശക്തിയിൽ നശിച്ചുകൊണ്ടിരിക്കുന്നതിനാൽ മര്യാത്തുരുത്തു് കരയിലെ പ്രധാനഗതാഗതമായ കടത്തുവള്ളം അടുക്കത്തക്കവിധം കടവുകൾ കെട്ടിയും ലൈററു് സ്ഥാപിച്ചും സുരക്ഷിതമാക്കിതീർക്കണമെന്നു് ഇന്നലെ വൈകിട്ടു 4. 45നു സ്ഥലം ററി.ബി.യിൽ വച്ചു എൻ, എസ്. എസ് പ്രസിഡണ്ടു് ശ്രീ എൻ. ഗോവിന്ദമേനോൻ, ശ്രീ എം. എൻ. നാരായണമേനോൻ മുതലായി 7 പേരടങ്ങിയ ഒരു നിവേദകസംഘം ജനകീയമന്ത്രിമാരെ കണ്ടു നിവേദനം സമർപ്പിക്കയും അനുഭാവപൂർവ്വമായ മറുപടി ലഭിക്കയും ചെയ്തിരിക്കുന്നു.

പ്രധാനമന്ത്രി ശ്രീ പട്ടംതാണുപിള്ളയും മന്ത്രി ശ്രീ ടി.എം വറുഗീസും ഇന്നലെ 4. 45 നു ആലുവായിൽ നിന്നും ഇവിടെ ററി ബിയിലെത്തി ചായകഴിച്ചശേഷം 5 മണിക്കു തിരുവനന്തപുരത്തേക്കു പോയിരിക്കുന്നു. മന്ത്രി ശ്രീ സി. കേശവൻ ആലുവായിൽ നിന്നു തൊടുപുഴയ്ക്കു പോകുകയും ഇന്നലെ വൈകിട്ടു ഇവിടെ എത്തുകയും ചെയ്തിരിക്കുന്നു. ഇന്നു തിരുവനന്തപുരത്തേക്കു പോകുന്നതാണു്.

വാളൂരികൊണ്ടു് വീട്ടിൽ

മലബാറിൽ കമ്യൂണിസ്റ്റ്വിപത്തു് വർദ്ധിക്കുന്നു

(കേരളാപ്രസ്സ്) കോഴിക്കോട്ടു് ഏപ്രിൽ 21

രാമർകോവിൽ തെരുവിലുള്ള സാമാന്യം മേന്മയേറിയ ഒരു ഗൃഹത്തിൽ കമ്യൂണിസ്റ്റുപാർട്ടിയിൽപ്പെട്ട ഒരു തൊഴിലാളി മരണകരമായ ആയുധവും വഹിച്ചുകൊണ്ടു് പ്രവേശിച്ചതായും ആ വീട്ടിലെ ഭൃത്യവർഗ്ഗത്തിൽപ്പെട്ട ഒരുവൻ അയാളെക്കണ്ടു ഭയന്നു് നിലവിളിക്കാൻഭാവിച്ചു, മറെറയാൾ വാൾഊരി പിടിച്ചുവെങ്കിലും എങ്ങിനെയോ അയാളെ പിടികൂടി ബന്ധിച്ചു് പോലീസിൽ വിവരം അറിയിച്ചതായും അറിയുന്നു. വിവരം ചോദിച്ചപ്പോൾ അവൻ കമ്യൂണിസ്റ്റ് പാർട്ടിയിൽ പെട്ടവനാണെന്നു് അറിയുകയും അവനെപോലീസുകസ്റ്റഡിയിൽ ആക്കുകയും ചെയ്തിരിക്കുന്നു.

ജയിൽ വിമോചനം

ഹൈദ്രബാദ്, ഏ. 22

കഴിഞ്ഞ 24 മണിക്കൂറുകൾക്കുള്ളിൽ ഹൈദ്രബാദിൽ മൂവായിരം രാഷ്ട്രീയ തടവുകാരെ മോചിപ്പിച്ചിട്ടുണ്ടു്. ഇക്കൂട്ടത്തിൽ ഹൈദ്രബാദും സെക്കൻഡറാബാദും ജയിലുകളിലെ അറുനൂറോളം തടങ്കൽപ്പുള്ളികളും ഉൾപ്പെടുന്നു.

സ്വാമി രാമാനന്ദതീർത്ഥനെയോ മററു പ്രമുഖകോൺഗ്രസ്സ് നേതാക്കളെയോ മോചിപ്പിച്ചിട്ടില്ല. (ഏ. പി.)

കമ്പോള നിലവാരം

(സ്വ. ലേ, ഫോൺമാർഗ്ഗം)

ആലപ്പുഴ, മേടം 11

	രൂ.	ണ
വെളിച്ചെണ്ണ (കൊച്ചി)	390	0
പിണ്ണാക്കു് "	92	8
വെളിച്ചെണ്ണ (ആലപ്പുഴ)	375	0
പിണ്ണാക്കു് "	85	0
കൊപ്രാ	245-260	0
കുരുമുളകു്, പാലാ	885	0
ടി തെക്കൻ	875	0
ചുക്കു്	225	0
മഞ്ഞൾ	280	0
തങ്കം	117	0
പവൻ	75	8
വെള്ളി	175	0
സ്വർണ്ണം	73	8

Printed & Published by
C. M. Sankara Pillai at the Swaraj
Printing Works, Kottayam.

ജയ്ഹിന്ദ്

ജാംഷെഡ്പൂർ, ഏ. 22

ഇന്ത്യയിൽ ഇദംപ്രഥമമായി നിർമ്മിക്കപ്പെട്ട "സിററി ഓഫ് ഡൽഹി"എന്ന റോഡ്റോളർ (റോഡ് നിരപ്പാക്കുന്ന എൻജിൻ) ഒരു വൻപിച്ച ജനസഞ്ചയത്തിന്റെ "ജയ്ഹിന്ദ്" പ്രഘോഷത്തിനിടയിൽ ഇന്നു് ആദ്യമായി ജാംഷഡ്പൂരിലെ ഒരു റോഡിൽ ഇറക്കുകയുണ്ടായി. ഇന്ത്യൻവ്യവസായവകുപ്പുമന്ത്രിയായ മി. ശ്യാമപ്രസാദ് മുക്കർജിയാണു് ഈ മംഗളകർമ്മം നിർവഹിച്ചതു്. കൽക്കട്ടാ, ബോംബെ തുടങ്ങിയ മററു്ഇന്ത്യൻപട്ടണങ്ങളുടെ പേരുകളോടുകൂടിയ റോളറുകളും നിർമ്മിക്കപ്പെട്ടിട്ടുണ്ടു്.(എ. പി.)

വാർത്താസംഗ്രഹം

(എ. പി. ഐ. & റോയിട്ടർ)

തികഞ്ഞറിപ്പബ്ളിക്കു

തെഹ്റാൻ, ഏപ്രിൽ 22

ഇന്ത്യൻ ഭരണഘടനയെ വിമർശിച്ചുകൊണ്ടു്, അതു് ഇന്ത്യയെ ഒരു തികഞ്ഞ ജനകീയ റിപ്പബ്ളിക്കാക്കുമെന്നും, ജാതിമതവ്യത്യാസംകൂടാതെ സകല ഇന്ത്യാക്കാർക്കും സമമായ അവകാശങ്ങൾ അതു നൽകുന്നുവെന്നും, ഇന്ത്യൻ നേതാക്കളുടെ പുരോഗമനപരമായ ഈ മാനസിക പരിവർത്തനം പ്രശംസനീയമെന്നുമത്രെ, ഒരു തെഹ്റാൻ ദിനപത്രം പ്രസ്താവിക്കുന്നതു്.

കാർഷി കോപകരണങ്ങൾക്കു

മദ്രാസ്, ഏപ്രിൽ 22

കാർഷികോപകരണങ്ങൾ നിർമ്മിക്കുന്നതിനു് ധാരാളം ഉരുക്കും ഇരുമ്പും ഉരുപ്പടികൾ ഇന്ത്യാഗവമ്മെൻറിൽനിന്നും ലഭിക്കുവാൻ മദ്രാസ് ഗവമ്മെൻറു് പരിശ്രമിക്കുന്നുണ്ടെന്നു് വ്യവസായമന്ത്രി ഇന്നു നിയമസഭയിൽ വ്യക്തമാക്കുകയുണ്ടായി.

സാങ്കേതികവിദ്യാലയങ്ങൾ

ന്യൂഡൽഹി, ഏപ്രിൽ 22

മൂവായിരം വിദ്യാർത്ഥികൾക്കു പഠിക്കാവുന്ന ഓരോ വൻപിച്ച സാങ്കേതികവിദ്യാലയങ്ങൾ കൽക്കട്ടായിലും ബോംബെയിലും സ്ഥാപിക്കുവാനും, നിലവിലുള്ള 14 ചെറുതരം വിദ്യാലയങ്ങളുടെ നിലഉയർത്തി പാഠപദ്ധതിയിലും വിഷയങ്ങളിലും മററും സമീകരണമുണ്ടാക്കുവാനും ഇൻഡ്യാഗവർമ്മെൻറു് നിശ്ചയിച്ചിരിക്കുന്നു. (ഏ. പി)

നാട്ടുവാഴിയൂണിയൻ

ന്യൂഡൽഹി, ഏപ്രിൽ 22

മദ്ധ്യേന്ത്യയിലെ 22 നാട്ടുവാഴികൾ ഇന്നു് യൂണിയൻ നക്കൽ ഉടമ്പടിയിൽ ഒപ്പുവച്ചതോടെ, "ഗ്വാളിയർ—ഇൻഡോർ—മാൾവ യൂണിയൻ" രൂപവൽക്കരിക്കപ്പെട്ടിരിക്കുന്നു. ഗ്വാളിയർ മഹാരാജാവു് പ്രസ്തുതയൂണിയനിലെ ആജീവനാന്ത രാജപ്രമുഖനും, ഇൻഡോർ മഹാരാജാവു് ആജീവനാന്ത ഉപരാജപ്രമുഖനുമായിരിക്കും. അടുത്തമാസം 11–നു് ഈ യൂണിയൻ ഉൽഘാടനം ചെയ്യപ്പെടുമെന്നും, യൂണിയനിലെ നാട്ടുരാജ്യങ്ങളെല്ലാം അവയുടെ അധികാരങ്ങൾ ഈ ജൂലായിയിൽ വച്ചൊഴിയുമെന്നും പ്രതീക്ഷിക്കാം.

അക്രമവും കൊള്ളയും

ജറുസലേം, ഏപ്രിൽ 20

ആയുധധാരികളായ അറബികൾ ജറുസലേമിലെബർക്ക്ലി ബാങ്കിൽ പ്രവേശിച്ചു, ഉദ്യോഗസ്ഥന്മാരെ തോക്കുചൂണ്ടി ഭയപ്പെടുത്തി 18000 പവൻ കൊള്ളചെയ്തിരിക്കുന്നു,

മധുവിധുവും മരണവും

ബോംബെ, ഏ 22

അഖിലേന്ത്യാകോൺഗ്രസ്സ് കമ്മററിയിലെ ജനറൽ സെക്രട്ടറിയായ മി. ശങ്കർറാവുദേവിന്റെ പ്രൈവററ് സെക്രട്ടറി മി. നാഡ്കാർനി, മധുവിധു ആഘോഷാർത്ഥം ലൊണവാലയിൽ താമസിക്കവെ, ഏ. 18നു് ഒരു കായലിൽവീണു് മരിച്ചിരിക്കുന്നു.

അരി കുറയ്ക്കുന്നില്ല

മദ്രാസ്, ഏ. 22

മദ്രാസ് പ്രവിശ്യയിൽ റേഷനിലെ അരിയുടെ അളവു കുറയ്ക്കുവാൻ ഗവമ്മെൻറിനു് ഉദ്ദേശമില്ലെന്നറിയുന്നു.

ആയുർവ്വേദ വിധിപ്രകാരം ശാസ്ത്രീയമായി തയ്യാറാക്കിയ

ഭസ്മ സിന്ദൂരങ്ങൾ

		രൂ.	ണ.
ലോഹഭസ്മം (21·പുടം) തോലാ 1 ക്കു്		1	8
മണ്ഡൂരസിന്ദൂരം	"		8
സ്വർണ്ണമാക്ഷികഭസ്മം	"		12
ശംഖഭസ്മം	"		8
ശൃംഗഭസ്മം	"		8
അന്നഭേദിസിന്ദൂരം	"		8
അഭ്രകഭസ്മം	"	3	0
വംഗഭസ്മം	"	2	0
രസസിന്ദൂരം	"	6	0

താഴെ കാണുന്നവിലാസത്തിൽ ആവശ്യപ്പെടുക.
വൈദ്യകലാനിധി.
സി. ആർ. ജനാർദ്ദനപ്പണിക്കർ, ജയ്ഹിന്ദു് വൈദ്യശാല
പുല്ലാടു് A. O.
തിരുവിതാംകൂർ

കുമാരനല്ലൂർ
D. V. സംസ്കൃത ഹൈസ്കൂൾ.

പ്രസ്തുത ഹൈസ്കൂളിനോടനുബന്ധിച്ചു് 123 ഇടവം മുതൽ IV–ാംഫാറംകൂടി ആരംഭിക്കുന്നതാകുന്നു. മററു് ഇംഗ്ലീഷ് ഹൈസ്കൂളുകളിലേപ്പോലെ സയൻസ് മാത്മാററിക്സ് മുതലായ വിഷയങ്ങളും വിശിഷ്യാ സംസ്കൃതവും ഇവിടെ പഠിപ്പിക്കുന്നതാണു്.

ഇംഗ്ലീഷ് ഉപവിഷയമായി മാത്രം പഠിച്ചുപോരുന്ന ശാസ്ത്രിമാരായ വിദ്യാർത്ഥികളെ ഉദ്ദേശിച്ചു് ഇംഗ്ലീഷ് അഭ്യസനത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കപ്പെടും. മററു് ഇംഗ്ലീഷ് സ്കൂളുകളിൽനിന്നു് III–ാംഫാറം പാസ്സായി വരുന്നവരേയും IV–ാംഫാറത്തിൽ ചേർക്കുന്നതായിരിക്കും.

ഓരോ വിഷയത്തിനും വിദഗ്ദ്ധരായ അദ്ധ്യാപകന്മാരെ നിയമിച്ചിട്ടുമുണ്ടു്.

കുമാരനല്ലൂർ, മാനേജർ.
19—8—1123.

ഹിമാംശുപ്രാശം

ധവളശീതളമായ ശരച്ചന്ദ്രിക ഉഷ്ണസന്തപ്തന്മാർക്കു് സംതൃപ്തിയും സമാധാനവും നൽകുന്നതുപോലെ, "ഹിമാംശുപ്രാശം" ഉഷ്ണരോഗാത്തരായ സ്ത്രീപുരുഷന്മാർക്കു് ആശ്വാസമരുളുന്നു. വെള്ളത്താ, മഞ്ഞനിറത്തിലോ കഠിനമായ വേദനയോടുകൂടി ഗുഹ്യമാർഗ്ഗേണ ചലം നിർഗ്ഗമിക്കുന്നതിനു് ഈ ലേഹ്യം ഒരു സിദ്ധൌഷധമാണു്. ഉല്പാദനേന്ദ്രിയവ്രണങ്ങൾക്കും, പല കാരണങ്ങളാൽ ഗർഭപാത്രത്തിലുണ്ടാകുന്ന പഴുപ്പിനും ഇത്രയും ഫലപ്രദമായ മറെറാരൗഷധം ഇല്ല. എല്ലാ സ്രാവങ്ങൾക്കും ഹിമാംശുപ്രാശം സേവിക്കുവിൻ! മാറാത്ത വയറുകത്തലും തളർച്ചയുമായി ചടച്ചു പരവശരായി കഴിയുന്ന അസ്ഥിസ്രാവരോഗികൾക്കു പുഷ്ടിയും ആരോഗ്യവും സൌന്ദര്യവും കൈവരുത്തുന്നു. രോഗവിവരക്കത്തുകൾ രഹസ്യമായി സൂക്ഷിക്കുന്നതാണു്. റാത്തൽ ഒന്നിനു 5 ക. മാത്രം. പാക്കിംഗും പോസ്റ്റേജും വേറെ.

സ്വതന്ത്ര ഫാർമസി,
വർക്കല A. O. & P. O. Travancore.

THE DESABANDHU

തിരുവിതാംക്കൂർ നാഷണൽ & ക്വയിലോൺ ബാങ്ക് ക്ലിപ്തം (ഇൻ ലിക്വിഡേഷൻ)

ലേലനോട്ടീസ്

ടി ബാങ്ക് വക താഴെ വിവരിക്കുന്ന ഡിക്രികളെ 1948 മേയ് 8-ാംനു- (1123 മേടമാസം 26-ാംനു-) ശനിയാഴ്ച കാലത്തു് 11 മണി മുതൽ
ദേവികുളത്തു് അഡ്വോക്കേററ് മി. എൻ. ജെ. ജോബിൻെറ ആഫീസിൽവെച്ചു്
പരസ്യമായി ലേലത്തിൽ വിൽക്കുന്നതാകുന്നു.

ലേല നിബന്ധനകൾ

ലേലത്തിൽ സംബന്ധിക്കുന്നവർ ലേലം തുടങ്ങുന്നതിനു മുൻപു് 10 ബ്രിട്ടീഷ് രൂപാ നിരതദ്രവ്യമായി ലേലം നടത്തുന്ന ഉദ്യോഗസ്ഥനെ ഏല്പിച്ചു രസീതു വാങ്ങിക്കൊള്ളേണ്ടതും, ലേലം ആരുടെ പേരിൽ സ്ഥിരപ്പെടുത്തുന്നുവോ ആ ആളിൻെറ തുകയൊഴിച്ചു മററുള്ളവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ തിരിച്ചു കൊടുക്കുന്നതും ആണു്. ലേലം സ്ഥിരപ്പെട്ട ആൾ നിരതദ്രവ്യം ഉൾപ്പെടെ ലേലത്തുകയുടെ നാലിലൊരംശം ഉടൻതന്നെ കെട്ടിവെയ്ക്കേണ്ടതും അപ്രകാരം ചെയ്യാതെവന്നാൽ നിരതദ്രവ്യം നഷ്ടത്തിനുവേണ്ടി മുതൽക്കൂട്ടുന്നതും യാതൊരു കാരണവശാലും തിരിച്ചു കൊടുക്കുന്നതല്ലാത്തതുമാകുന്നു. സാധാരണയായി കൂടുതൽ തുകയ്ക്കു വിളി കേൾക്കുന്നവരുടെ പേരിൽ കോർട്ടനുവാദത്തിനു വിധേയമായി ലേലം സ്ഥിരപ്പെടുത്തുന്നതും, എന്നാൽ ഏതെങ്കിലും കാരണവശാൽ യുക്തമെന്നു തോന്നുന്നപക്ഷം ലേലത്തിനിടയിൽ ലേലം നിറുത്തിവെയ്ക്കുന്നതു് ലേലം നടത്തുന്ന ഉദ്യോഗസ്ഥനു് അവകാശമുള്ളതുമാകുന്നു. ലേലത്തിൽ പിടിച്ചവർ ലേലം കഴിഞ്ഞു് 14 ദിവസങ്ങൾക്കകം ലേലത്തുകയുടെ കെട്ടിവെച്ചിട്ടുള്ള നാലിലൊരംശം കഴിച്ചു് ബാക്കിയുള്ള മുഴുവൻ തുകയും കെട്ടി വെയ്ക്കേണ്ടതും അതിൽ വീഴ്ച വരുത്തിയാൽ മേല്പറഞ്ഞ നാലിലൊരംശം തുക നഷ്ടത്തിനുവേണ്ടി മുതൽ കൂട്ടുന്നതും ലേലം വീണ്ടും നടത്തുന്നതുമാകുന്നു. ലേലത്തുക മുഴുവൻ അടയ്ക്കുകയും ലേലം കോർട്ടിൽനിന്നും സ്ഥിരപ്പെടുത്തുകയും ചെയ്തു കഴിഞ്ഞാൽ കോർട്ടുത്തരവനുസരിച്ചു് ലേലക്കാർക്കു് ആധാരങ്ങൾ അവരുടെ ചിലവിന്മേൽ ഒഫീഷ്യൽ ലിക്വിഡേററർ രജിസ്റ്ററാക്കി കൊടുക്കുന്നതാണു്. ലേലം കോർട്ടിൽനിന്നും സ്ഥിരപ്പെടുത്തിക്കഴിഞ്ഞാൽ പിന്നീടു് യാതൊരു കാരണവശാലും അതിനെ ഭേദപ്പെടുത്തുകയോ ആക്ഷേപിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു. ഡിക്രികളിന്മേൽ ബാങ്കിനു തൽക്കാലമുള്ള അവകാശങ്ങളെ മാത്രം ലേലത്തിൽ വിൽക്കുന്നതും അങ്ങിനെയുള്ള അവകാശങ്ങളിലുള്ള വല്ല ന്യൂനതകൾകൊണ്ടോ മററു വല്ല കാരണവശാലോ ലേലം പിടിക്കുന്നവർക്കു് വല്ല നഷ്ടങ്ങൾക്കും ഇടവരുന്നതായാൽ ആ വക നഷ്ടങ്ങൾക്കു് ഒഫീഷ്യൽ ലിക്വിഡേററരോ ബാങ്കോ ബാങ്കിൻെറ സ്വത്തുക്കളോ ഒരു കാരണവശാലും ഉത്തരവാദികളല്ലാത്തതാകുന്നു. ലേലത്തീയതിവരെ കക്ഷികൾ കോടതിയിൽ കെട്ടിവെച്ചിട്ടുള്ളതും ബാങ്കിൽ അടച്ചിട്ടുള്ളതുമായ തുകകൾക്കു ലേലം പിടിക്കുന്നവർക്കു അവകാശമില്ലാത്തതാകുന്നു. കൂടുതൽ വിവരങ്ങൾക്കു് ആഫീസ് സമയങ്ങളിൽ ഈ ആഫീസിൽ അപേക്ഷിച്ചാൽ അറിയാവുന്നതാണു്.

തിരുവനന്തപുരം,
18—4—1948.

കെ. എ. ശിവശങ്കരൻ,
ഒഫീഷ്യൽ ലിക്വിഡേററർ.

ഡിക്രിനമ്പരും കോടതിയും, പ്രതികളുടെ പേരും മേൽവിലാസവും, ഉദ്ദേശം ഈടാകാനുള്ള തുകയും മററു വിവരങ്ങളും.

1. ദേവികുളം മുൻസിഫ് കോടതിയിൽ 111-ൽ സ്മാൾ 20.

പ്രതി: ബോഡിനായ്ക്കനൂരിൽ താമസം എസ്. പി. സുൽത്താൻ അഹമ്മദ്ബദറുദീൻ റാവുത്തർ. പ്രതി മരിച്ചു പോയിട്ടുള്ളതും അവകാശികളെ കക്ഷി ചേർക്കാനും പ്രതിവക ദേവികുളം താലൂക്കിൽ പൂപ്പാറ പകുതിയിൽ ചിന്നക്കനാൽ താവളത്തിൽ സർവ്വേ 156-ൽ 1-ൽ 2ഏ. 6സെൻറും, 141-ൽ 1-ൽ 3ഏ. 9 സെൻറും, 129-ൽ 2-ൽ 1ഏ. 83സെൻറും, 62-ൽ 1-ൽ 5ഏ. 75 സെൻറും, 61-ൽ 4-ൽ 11ഏ. 35സെൻറും, 58ൽ 9-ൽ 2ഏ. 78¾സെൻറും, 57-ൽ 1-ൽ 22ഏ. 40സെൻറും, 56-ൽ 1-ൽ 5ഏ. 49സെൻറും, 55-ൽ 1-ൽ 63സെൻറും, 54-ൽ 9-ൽ 13 ഏ. 60 സെൻറും, 28/4-ൽ 3 ഏ. 57 സെൻറും, 26/6-ൽ 4 ഏ. 64½ സെൻറും, വേണാട്ടു താവളത്തിൽ സർവ്വേ 77-ൽ 4-ൽ 1 ഏക്കറും, 77/3-ൽ 2 ഏ. 50 സെൻറും, 77-ൽ 2-ൽ 7 ഏ. 77 സെൻറും, 77/1-ൽ 12 ഏ. 50 സെൻറും, പൊട്ടൻകാട്ടു താവളത്തിൽ സർവ്വേ 141-ൽ 3-ൽ 7ഏ. 24സെൻറുമുള്ള സ്ഥാവരവസ്തുക്കളെ ജപ്തി ചെയ്യുന്നതിനു് നടപടിയിലിരിക്കുന്നതുമാകുന്നു. ഉദ്ദേശം ഈടാകാനുള്ള തുക ബ്രി. രൂ. 225.

2. ദേവികുളം മുൻസിഫ് കോടതിയിൽ 111-ൽ സി 34

പ്രതികൾ: (1) ദേവികുളം താലൂക്കിൽ ചൊക്കനാട്ടു എസ്റ്റേററിൽ കൺട്രാക്ടർ ഡബ്ളിയു. ററി. കുരുവിള, (2) ടി താലൂക്കിൽ ഗ്രഹാം എസ്റ്റേററിൽ കൺട്രാക്ടർ പി. കെ. തോമസ്സ്. (3) കോട്ടയം താലൂക്കിൽ തഴത്തങ്ങാടിയിൽ വെട്ടുകളത്തിൽ വീട്ടിൽനിന്നും കാഞ്ഞിരപ്പള്ളി പി. എം. സ്കൂളിൽ ഡ്രിൽ മാസ്റ്റർ ജോലി വി. കെ. അയ്പ്പു് പ്രതികളിലും അവരുടെ വസ്തുക്കളിലും സ്ഥാപിച്ച വിധി. അന്യായസംഖ്യ ബ്രി. രൂ. 2995.

3. ദേവികുളം മുൻസിഫ് കോർട്ടിൽ 112-ൽ സി. 12

പ്രതികൾ: (1) ദേവികുളത്തു ചൊക്കനാട്ടു എസ്റ്റേററിൽ കൺട്രാക്ടർ ഡബ്ളിയു. ററി. കുരുവിള. (2) ടി താലൂക്കിൽ ഗ്രഹാം എസ്റ്റേററിൽ കൺട്രാക്ടർ സി. കെ. തോമസ്സ് പ്രതികളിലും അവരുടെ വസ്തുക്കളിലും സ്ഥാപിച്ച വിധി. ഈടാകാനുള്ള ഉദ്ദേശം തുക ബ്രി. രൂ. 3350.

4. ദേവികുളം മുൻസിഫ് കോർട്ടിൽ 112-ൽ സി 13

പ്രതികൾ: (1) ദേവികുളത്തു് കെ. ഡി. എച്ച്. പി. കമ്പനിയിൽ ചേന്ന ചൊക്കനാട്ടു എസ്റ്റേററിൽ വാദ്ധ്യാർ സി. സാമുവേൽ. (2) ടി താലൂക്കിൽ ടി കമ്പനിയിൽ ചേർന്ന ചൊക്കനാട്ടു എസ്റ്റേററിൽ കൺട്രാക്ടർ ഡബ്ളിയു. തോമസ്സ് കുരുവിള. പ്രതികളിലും അവരുടെ സ്വത്തുക്കളിലും സ്ഥാപിച്ച വിധി. ബ്രി. രൂ. 240.

5. ദേവികുളം മുൻസിഫ് കോർട്ടിൽ 112-ൽ സ്മാൾ 21

പ്രതികൾ: കോട്ടയം പോലീസ് സ്റ്റേഷനിൽ ജോലിയായിരുന്നു് ഇപ്പോൾ പെൻഷ്യൻ പററിയിരിക്കുന്നതായി അറിയപ്പെടുന്ന 1540-ാംനമ്പർ പോലീസ് കാൺസ്റ്റബിൾ ശിവൻചെട്ടി. (2) പറവൂർ താലൂക്കിൽ പറവൂർതറമുറിയിൽ അറയിൽ വീട്ടിൽനിന്നും എററുമാനൂർ പോലീസ് സ്റ്റേഷനിൽ 2186-ാംനമ്പർ കാൺസ്റ്റബിൾ പി. പരമേശ്വരൻപിള്ള. വിധിപ്രകാരം തുക പ്രതികളിൽ നിന്നും ഈടാക്കണം ഈടാകാനുള്ള ഉദ്ദേശം തുക ബ്രി. രൂ. 21.

6. ദേവികുളം മുൻസിഫ് കോടതിയിൽ 112-ൽ സി 62

പ്രതികൾ: (1) ബോഡിനായ്ക്കനൂരിൽ താമസം എസ്. പി. സുൽത്താൻ അഹമ്മദ്ബദറുദീൻ റാവുത്തർ (മരിച്ചു) (2) ദേവികുളത്തു കൺട്രാക്ടർ പി. ജെ. ജോർജ്ജ്. വിധിപ്രകാരം വിധി തുക പ്രതികളിൽ നിന്നും ഈടാക്കണം. ഈടാകാനുള്ള ഉദ്ദേശം തുക ബ്രി രൂ 1546.

7. ടി കോർട്ടിൽ 113-ൽ സി 2

പ്രതികൾ: ദേവികുളം താലൂക്കിൽ കണ്ണൻദേവൻ പകുതിയിൽ ഇരച്ചിപാറയിൽ താമസം കെ. കെങ്കൻ (2) കുപ്പൻ കെങ്കൻ (1-ാംകക്ഷിയുടെ പിതാവു്) പൂപ്പാറ പകുതിയിൽ രാജക്കാട്ടു താവളത്തിൽ സർവ്വേ 129-ൽ 6 ഏ. 49 സെൻറും, 130-ൽ 4 ഏ. 86 സെൻറും, 48-ൽ 1-ൽ 10 ഏ. 67 സെൻറും, 55-ൽ 3 ഏക്കറും, 67-ൽ 1-ൽ 7 ഏ. 65 സെൻറും, 66-ൽ 1-ൽ 3 ഏ. 90 സെൻറും, ഏലത്തോട്ടങ്ങൾമേലും, ടി താവളത്തിൽ സർവ്വേ 289-ൽ 50 സെൻറു സ്റ്റോർപുരയിടത്തിന്മേലും, സ്ഥാപിച്ച ഡിക്രി സമ്പാദിച്ചിട്ടുള്ളതും, എന്നാൽ ഇവയിൽ 20 ഏ. 25 സെൻറു തോട്ടങ്ങൾ കരകുടിശിക്കുവേണ്ടി 115-ൽ ലേലത്തിൽ പോയിട്ടുള്ളതായി അറിയപ്പെട്ടിട്ടുള്ളതും മുഴുവൻ ഡിക്രി വസ്തുക്കളും ഒന്നാംകക്ഷി മററു കക്ഷിക്കു് 115-ൽ വില കൊടുത്തിട്ടുള്ളതും ടി വിലയാധാരത്തിൽ പ്രസ്തുത കടവും മറെറാരു കടത്തിനുമായി 770 രൂപാ കൊടുക്കത്തക്കവണ്ണം നിലനിർത്തിയിട്ടുള്ളതായി അറിയപ്പെടുന്നു. ബ്രി. രൂ 550.

8. ദേവികുളം മുൻസിഫ് കോർട്ടിൽ 1109-ൽ സി 15

പ്രതികൾ: (1) കോട്ടയം താലൂക്കിൽ കുമരകം പകുതിയിൽ ചെറുകുളത്തിൽ വീട്ടിൽനിന്നും ദേവികുളത്തു് വ്യാപാരമായി താമസം നാരായണപിള്ള അയ്യപ്പൻപിള്ള (2) ടിയിൽ നാരായണപിള്ള പരമേശ്വരൻപിള്ള (3) ദേവികുളത്തു് ഇരച്ചിപാറയിൽ താമസം വെള്ളയപണ്ഡിതർ പളനി പണ്ഡിതർ പ്രസ്തുത ഇടപാടു് കടനിവാരണ ആക്ടിൻപ്രകാരം അടച്ചു വന്നിരുന്നതും എന്നാൽ തവണമുടക്കത്തിൽ മുഴുവൻ തുകയും ഒന്നായി ഈടാക്കുന്നതിനു് നടപടിയിലിരിക്കുന്നതുമാകുന്നു. ബ്രി. രൂ 235.

9. ദേവികുളം മുൻസിഫ് കോർട്ടിൽ 109-ൽ സി 16

പ്രതികൾ: (1) കോട്ടയം താലൂക്കിൽ കുമരകം പകുതിയിൽ ചെറുകുളത്തിൽ വീട്ടിൽ എൻ. പരമേശ്വരൻ പിള്ള (2) ടിയിൽ എൻ. അയ്യപ്പൻപിള്ള (3) ദേവികുളത്തു ഇരച്ചിപാറയിൽ താമസം വി. പളനി പണ്ഡിതർ. ഡിക്രി തുക കടനിവാരണ ആക്ടനുസരിച്ചു് 4 തവണകൾ അടച്ചിട്ടുള്ളതും ബാക്കി തവണകൾ മുടക്കം വരുത്തിയിട്ടുള്ളതിനാൽ മുഴുവൻ തുകയും ഒന്നായി ഈടാക്കുന്നതിനു് നടപടി നടന്നുവരുന്നതുമാകുന്നു. ഈ ബാങ്ക വാദിയായി ദേവികുളം താലൂക്കിൽ വ്യാപാരം ചെയ്തു താമസം സാമുവൽ മാത്യു കോട്ടയം വളശേരി വീട്ടിൽ മാണി ഐസക്കു് ഇവരെ പ്രതികളാക്കി സമ്പാദിച്ചിട്ടുള്ള ദേവികുളം മുൻസിഫ് കോർട്ടിൽ 115-ൽ സി 28-ാം നമ്പരായി ഡിക്രി തുക വിധി നടത്തി ഈടാക്കി ഈ ഡിക്രിയിൽ വരവു വയ്ക്കേണ്ടതാകുന്നു. ടി 28-ാംനമ്പ്ര ഡിക്രി ലേലത്തിൽ വിററുപോയിട്ടുള്ളതും ആകുന്നു. ബ്രി. രൂ 211

10. ദേവികുളം മുൻസിഫ് കോർട്ടിൽ 114-ൽ സി 47

പ്രതികൾ: (1) ദേവികുളം താലൂക്കിൽ മറയൂർ കച്ചവടം എസ്സ്. കൃഷ്ണനാടാർ (2) ദേവികുളത്തു് ആനയ്ക്കൽ പേട്ടയിൽ ഡാക്ടർ ഐസക്കു് വേദമുത്തു ഒന്നാംപ്രതി ഇപ്പോൾ ചെങ്കോട്ടയിൽ പാൽവെട്ടിയിൽ താമസിക്കുന്നതായി അറിയപ്പെടുന്നു. ബ്രി. രൂ. 3550.

11. ദേവികുളം മുനിസിഫ് കോർട്ടിൽ 115-ൽ സ്മാൾ 10

പ്രതികൾ: (1) ഇപ്പോൾ ചങ്ങനാശേരിയിൽ എക്സൈസ് ഇൻസ്പെക്ടരായി താമസം പി. കെ. പിള്ള (2) ചെങ്ങന്നൂർ 1-ാംക്ലാസ്സ് മജിസ്ട്രേട്ടുകോർട്ടിൽ ക്ലാർക്കു് എ. ആർ പരമേശ്വരൻപിള്ള. വിധി തുക പ്രതികളിൽനിന്നു ഈടാക്കണം. ഒന്നാംപ്രതിയുടെ ശമ്പളം വിധി കടത്തിനുവേണ്ടി ജപ്തി ചെയ്തു നടപടിയിലിരിക്കുന്നതാകുന്നു. ബ്രി. രൂ 59

12. ദേവികുളം മുൻസിഫ് കോർട്ടിൽ 116-ൽ സി 28

പ്രതികൾ: (1) ദേവികുളത്തിൽ പള്ളിവാസൽ എസ്റ്റേററിൽ ഹെഡ് കങ്കാണി ജോലിയായിരുന്ന പി. എം. ലക്ഷ്മണൻ (മരിച്ചു) അവകാശികൾ 3 മുതൽ 8 വരെ പ്രതികൾ (2) മൂന്നാററിൽ വ്യാപാരം എസ്സ്. കാമാക്ഷിരാജു. (3) ഒന്നാംകക്ഷിയുടെ ഭാര്യ പള്ളിവാസൽ എസ്റ്റേററിൽ താമസം ജി. മേരി. (4) ടിയാൻെറ മകൾ ലീലാഭായി (മൈനർ) (5) ടിയാൻെറ മകൻ മാർട്ടിൻ (6) ടിയാൻെറ മകൻ ഫ്രാഞ്ചിസു് (മൈനർ) (7) ടിയാൻെറ മകൾ അതീനാ (മൈനർ) (8) ടിയാൻെറ മകൾ (പേരില്ല) മൂന്നു മുതൽ 8 വരെ കക്ഷികൾ പാണ്ടിയിൽ താമസമാണെന്നറിയുന്നു. ബ്രി. രൂ. 367

(13) ദേവികുളം മുൻസിഫ് കോർട്ടിൽ 113-ൽ സി 35

പ്രതികൾ: (1) ദേവികുളത്തു് പള്ളിവാസൽ എസ്റ്റേററിൽ കങ്കാണിയായിരുന്ന പി. എം. ലക്ഷ്മണൻ (മരിച്ചു) (2) ടി പള്ളിവാസൽ എസ്റ്റേററിൽ കൺട്രാക്ടർ ജോലി സി. വി. നാരായണൻ. (3) ഒന്നാംകക്ഷിയുടെ ഭാര്യ പള്ളിവാസൽ എസ്റ്റേററിൽ താമസം ജി. മേരി (4) ടിയാൻെറ മകൾ ലീലാഭായി (മൈനർ) (5) ടിയാൻെറ മകൻ മാർട്ടിൻ (മൈനർ) (6) ടിയാൻെറ മകൻ ഫ്രാഞ്ചിസ്സ് (മൈനർ) (7) ടിയാൻെറ മകൾ അതീനാ (8) ടിയാൻെറ മകൾ (പേരില്ല) (മൈനർ) പ്രതികളിലും പ്രതികളുടെ സ്വത്തുക്കളിലും സ്ഥാപിച്ച രാജിപ്രകാരം വിധി. ബ്രി. രൂ 449.

14. ദേവികുളം മുൻസിഫ് കോർട്ടിൽ 113-ൽ സ 53

പ്രതികൾ; (1) ദേവികുളം താലൂക്കിൽ തലയാർ എസ്റ്റേററിൽ കൺട്രാക്ടർ ജോസഫ് കൊറിയാ (2) മൂന്നാററിൽ കത്തോലിക്കാ പള്ളിയിൽ വിക്കാർ ഫാദർ സെബസ്റ്റിയനാസ്. ഇപ്പോൾ കോട്ടയം താലൂക്കിൽ വിജയപുരം രൂപതയിൽ താമസമാണെന്നറിയുന്നു. വിധി തുക പ്രതികളിൽനിന്നും ഈടാക്കണം. അന്യായസംഖ്യ ബ്രി. രൂ 85 (എൺപത്തിഅഞ്ചു രൂപായോളം ഈടാകാനുണ്ടു്.)

15. കോട്ടയം മുൻസിഫ് കോർട്ടിൽ 112-ൽ സ 472

പ്രതികൾ: (1) ദേവികുളം താലൂക്കിൽ മൂന്നാർ ടൌണിൽ വ്യാപാരം ചെയ്തുവന്ന വി. ഗണപതിനാടാർ (മരിച്ചു) (അവകാശികൾ ഇല്ല) (2) ടി ടൌണിൽ എസ്സ് കന്തസ്വാമി ആൻഡ് ബ്രദേഴ്സ് എന്ന വിലാസത്തിൽ കച്ചവടം ചെയ്തുവരുന്ന എസ്സ്. കാമാക്ഷിരാജു (3) വിളവംകോട്ടു ചെറിയവണ്ണാൻവിള പുതുക്കട വീട്ടിൽ ശവരിയാർ അടിമ (4) കോട്ടയം താലൂക്കിൽ കോടിമതക്കരയിൽ മാളേക്കൽ ജോൺ ഈപ്പൻ. പ്രതികളിലും പ്രതികളുടെ സ്വത്തുക്കളിൽ സ്ഥാപിച്ചും വിധി സമ്പാദിച്ചിട്ടുള്ളതാകുന്നു. ബ്രി. രൂ 255

16. ദേവികുളം മുൻസിഫ് കോർട്ടിൽ 111 സി 38

(1) വരാപ്പുഴ പകുതിയിൽ തോപ്പിൽ വീട്ടിൽനിന്നും ദേവികുളം താലൂക്കിൽ മൂന്നാർ ടൌണിൽ ലോറി ഡ്രൈവർ ജോസഫ് പെരിയറ (2) ദേവികുളം താലൂക്കിൽ കന്നിമല എസ്റ്റേററിൽ കൺട്രാക്ടർ ജെ. കൊറിയാ പ്രതികൾ രണ്ടുപേരും ഇപ്പോൾ എറണാകുളത്തു് തൃക്കണാർവട്ടത്തു താമസമാണെന്നറിയുന്നു. ഡിക്രി തുക പ്രതികളിൽനിന്നും അവരുടെ സ്വത്തുക്കളിൽ നിന്നും ഈടാക്കത്തക്കതാകുന്നു. ബ്രി. രൂ 1732

17. ദേവികുളം മുൻസിഫ് കോർട്ടിൽ 118-ൽ സി 21

പ്രതി: ദേവികുളത്തു് ഇരച്ചിപാറയിൽ താമസം കൺട്രാക്ടർ പി. ജെ. ജോർജ്ജ്. പ്രതിയുടെ സ്വത്തുക്കളിൽനിന്നും ഈടാക്കണമെന്നു വിധി. ബ്രി. രൂ 829

18. ദേവികുളം മുൻസിഫ് കോർട്ടിൽ 118-ൽ സ്മാൾ 43

പ്രതി: ദേവികുളം പോലീസ് സ്റ്റേഷനിൽനിന്നും ഇപ്പോൾ പാലാ പോലീസ് സ്റ്റേഷനിൽ 81[illegible]-ാം നമ്പർ പോലീസ് കാൺസ്റ്റബിൾ ജോലിയായി താമസം എം. പി. മത്തായി പ്രതിയിൽനിന്നും ടിയാൻെറ സ്വത്തുക്കളിൽനിന്നും തുക ഈടാക്കണമെന്നു വിധി. പ്രതിക്കു തിരുവിതാംക്കൂർ നാഷണൽ ബാങ്കു് സബ്സിഡിയറി കമ്പനി ക്ലിപ്തം വക ക്ലെയിം അനുസരിച്ചു് ടിയാനു് ഡിവിഡൻറു ഇനത്തിൽ ചെല്ലുവാനുള്ള 14 രൂ 1 ണയ്ക്കു മേൽ വാദി ബാങ്കിനു ലീൻ ഉള്ളതും ടി തുക ഇതുവരെ വാങ്ങിയിട്ടില്ലാത്തതുമാകുന്നു. ഈ ഡിക്രി വിധി നടത്തുന്നതിനു് മീനച്ചിൽ മുൻസിഫ് കോടതിയിലേക്കു് അയയ്ക്കുന്നതിനു് അപേക്ഷിച്ചിട്ടുള്ളതാകുന്നു. ബ്രി. രൂ 26

ഒഫിഷ്യൽ ലിക്വിഡേററർ [ഒപ്പ്]